MR. JOSEPH VITHAYATHIL: I move that in Clause 1, sub-clause (a) after the figures '111' the figure '6' may be added.

MR. M. SIVATHANU PILLAI: I second it.

The amendment was put to vote and carried.

MR. JOSEPH VITHAYATHIL: I move that the Bill as amended be passed.

MR. M. SIVATHANU PILLAI: I second it.

The question was put and the Bill as amended was declared passed.

THE TRAVANCORE KAMMALA BILL.

MR. PUTHUPALLI S. KRISHNA PILLAI: Sir, the motion before the House is that the word 'Viswakarma' be substituted for the words 'Kammala (Viswakarma)'

MR. N. VELU ACHARI: കമ്മാളബില്ലിനെപ്പറ്റി ഒന്നു രണ്ടു വ്യവസ്ഥാപനം കിട്ടിയിട്ടുണ്ട്.

PRESIDENT: Order, order. The honourable member communicated his views to me and I have given him permission to mention those matters in the House. But that can only be done in the ordinary way. I shall give him an opportunity to speak after the Legal Remembrancer has finished.

MR. N. VELU ACHARI: അസംബ്ലിമാനുവൽ സെക്ഷൻ ഫൈവ് (ർ) അനുസരിച്ച് ഈ പെറ്റിഷൻ സബ്മിറ്റ് ചെയ്യുവാൻ അനുവദിക്കണം.

PRESIDENT: A petition has already been submitted, is it not?

MR. PUTHUPALLY S. KRISHNA PILLAI: Yes, Sir. What the member now refers to are all telegrams from Chengannur and other places saying that Mr. Velu Achari's amendments should be accepted by the House.

MR. N. VELU ACHARI: സ്റ്റാൻറിങ്ങ് ഓർഡർ നമ്പർ പേജ് ഫൈവ് .....

PRESIDENT: You cannot interrupt the business of the House for the purpose of presenting a petition. If the honourable member wanted permission to present a petition, he ought to have asked for that permission immediately after question time. But now other legislative business has supervened. But as I do not want any one to be under a sense of grievance, I have no objection to allow the petition to be presented as the first thing after lunch. In the meanwhile the Legal Remembrancer will proceed.

MR. PUTHUPALLI S. KRISHNA PILLAI: I was pointing out that Mr. Velu Achari's amendment is to substitute the word 'Viswakarma' for the words 'Kammala (Viswakarma)' in Clause 1 sub-clause (1). Clause 1 sub-clause (1) deals with the short title.

LIBRARY ARCHIVES Kerala Legislative Assembly

MR. N. VELU ACHARY : കഴിഞ്ഞതവണ ഈ ബില്ലിനെ സംബന്ധിച്ച് ഇദ്ദേഹം മലയാളത്തിലാണ് സംസാരിച്ചതു്. ഇപ്പോഴും മലയാളത്തിൽതന്നെ പ്രസംഗിക്കാൻ പാടണം.

MR. PUTHUPALLI S. KRISHNA PILLAI : ഈ ഭേദഗതി ബില്ലിലെ ഒന്നാംവകുപ്പ് ഒന്നാം ഉപവകുപ്പിൽ "കമ്മാള (വിശ്വകർമ്മ)" എന്നു കാണുന്ന പദത്തിനു പകരം "വിശ്വകർമ്മ" എന്നു ചേർക്കണമെന്നാണ്. ഇതു ഈ ബിൽ അവതരിപ്പിച്ച കാലംമുതൽക്കുതന്നെ ഇവിടെ വാദവിഷയമായിരുന്നു. നാലാമത്തെ ഉപവകുപ്പിൽ കാണുന്നതു് ഈ ബിൽ തമിഴ് കമ്മാളരെ ബാധിക്കുന്നതല്ലെന്നാണ്.

MR. N. VELU ACHARY : നാലാമത്തെ അമൻറുമെൻറിനെപ്പറ്റി ഇപ്പോൾ പറയണ്ട ആവശ്യമില്ല. രണ്ടാമത്തെ അമൻറുമെൻറാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. അതു് സഭ സ്വീകരിക്കുന്നെങ്കിൽ സ്വീകരിക്കട്ടെ, അല്ലെങ്കിൽ തള്ളട്ടെ. അല്ലാതെ മറ്റു അമൻറുമെൻറുകളെപ്പറ്റി പറയുന്നതു് ശരിയല്ല.

MR. PUTHUPALLI S. KRISHNA PILLAI : He says that I should not refer to an other provisions in this Bill when I speak either opposing or supporting the present amendment.

PRESIDENT : It is no doubt a point of view. (*Laughter*)

MR. PUTHUPALLI S. KRISHNA PILLAI : ഈ ബില്ലിൽ ആദ്യത്തെ ക്ലാസ്സിൽ ആദ്യത്തെ ഉപവകുപ്പിൽ നാലാമത്തെ വാക്കാണ് തമിഴ് കമ്മാള എന്നുള്ളതു്. വി. വേലുആചാരി പറയുന്നതു് ഈ മൂന്നു പദങ്ങളെ അല്ലാതെ ബാക്കി ഉള്ളവയെപ്പറ്റി യാതൊന്നും പറയരുതെന്നാണ്. അങ്ങനെയാണെങ്കിൽ ഇതിൽ കാണുന്ന മൂന്നു വാക്കു് ആവർത്തിക്കാനേ തരമുള്ളൂ. അങ്ങനെ ഒരു അർഗ്യുമെൻറു് നടത്താൻ എനിക്കു് നിവൃത്തിയില്ല. കമ്മാള എന്നുള്ള പദം ചേർത്തു അവരെ വിളിക്കുന്നതോ, ആ പേരുവച്ചു് ഈ നിയമം ഉണ്ടാക്കുന്നതോ ഭൂരിപക്ഷം സമ്മതമാണെന്നറിഞ്ഞതിനുശേഷമാണ് സിലക്ട് കമ്മറിയിൽ നിന്നും ഈ ബില്ലു് ഭേദപ്പെടുത്തിയിട്ടുള്ളതു്. "വിശ്വകർമ്മ" എന്ന പദംകൂടിചേർത്തു വിളിച്ചാൽ അവർക്കു് അതൊരു അഭിമാനമായിരിക്കുമെന്നു പറഞ്ഞതു് സിലക്ട് കമ്മറി ഗൗനിച്ചിട്ടായിരിക്കണം "വിശ്വകർമ്മ" എന്ന പദംകൂടി ചേർത്തതു്.

MR. N. VELU ACHARY : സമുദായത്തിൻെറ അഭിപ്രായം അറിഞ്ഞിട്ടാണ് സിലക്ട് കമ്മറി ഈ പേർ സ്വീകരിച്ചതെന്നു മെംബർ പറഞ്ഞു. സമുദായത്തിൽനിന്നും മുപ്പത്തയ്യായിരവും നാല്പത്തയ്യായിരവുംഒപ്പിട്ടഅനേകം മെമ്മോറിയലുകളും അനേകം റസല്യൂഷൻസും "വിശ്വകർമ്മ" എന്ന

LIBRARY ARCHIVES Kerala Legislative Assembly

പേർ സ്വീകരിക്കണമെന്നുവന്നിട്ടും "കമ്മാള" എന്നുള്ള പേർ സ്വീകരിച്ചതെന്തുകൊണ്ടാണ്?

MR. PUTHUPALLI S. KRISHNA PILLAI : മുപ്പതിനായിരവും നാല്പതിനായിരവും പേർ ഒപ്പിട്ട മെമ്മോറിയലിന്റെ കാര്യംതന്നെ മി. വേലു ആചാരിക്കു് അറിയാം. അതുകൊണ്ടു് അതിനെമാത്രം അടിസ്ഥാനപ്പെടുത്തി ഒന്നും പറയുവാനില്ല.

MR. N. VELU ACHARY: സമുദായത്തിൽനിന്നുമല്ലേ ഈ മെമ്മോറിയലുകൾ അയച്ചതു്?

MR. PUTHUPALLI S. KRISHNA PILLAI : അതിനു ഞാൻ മറുപടി പറയുന്നതു് യുക്തമായിരിക്കുകയില്ല.

(At this stage the President vacated the Chair and the Deputy President occupied it.)

DEPUTY PRESIDENT : Order, order. Mr. Velu Achary wants to put a question.

MR. N. VELU ACHARY : കമ്മാള എന്നു പറയുന്നവർ എത്ര മെമ്മോറിയലുകൾ തന്നിട്ടുണ്ടു്?

MR. PUTHUPALLI S. KRISHNA PILLAI : ഈ ബിൽ സിലക്ട് കമ്മറി റിപ്പോർട്ടുചെയ്തിട്ടുള്ളതാണു്. ആ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി സംസാരിക്കുന്നതായിരിക്കും ഇവിടെ ആവശ്യം. ഗവൺമെന്റിനു ഫാവറബ്ലസന്റേഷൻ കിട്ടി എന്നു പറഞ്ഞിരുന്നാലും ഇതു സഭ മുമ്പാകെ ആ രേഖകൾ സമർപ്പിച്ചിട്ടില്ലാത്തിടത്തോളംകാലം അതിനെ അടിസ്ഥാനപ്പെടുത്തി വാദിക്കുന്നതു ശരിയായിരിക്കുകയില്ല.

MR. N. VELU ACHARY : ഇതിനുസംബന്ധിച്ചുള്ള രേഖകൾ സഭ മുമ്പാകെ ഹാജരാക്കാമോ?

MR. PUTHUPALLI S. KRISHNA PILLAI : പ്രയാസമാണു്. സമുദായത്തിൽപ്പെട്ട ഭൂരിപക്ഷം ആളുകളുടെ അഭിപ്രായത്തെ അനുസരിച്ചാണു് സിലക്ട് കമ്മറി റിപ്പോർട്ട് ചെയ്തിട്ടുള്ളതു്.

MR. N. VELU ACHARY : ഈ അഭിപ്രായങ്ങൾ രേഖാമൂലമുള്ളതോ വാക്കാൽ ഉള്ളതോ?

MR. PUTHUPALLY S. KRISHNA PILLAI : രേഖാമൂലമുള്ളതും ഉണ്ടു്; വാക്കാൽ ഉള്ളതു് രേഖപ്പെടുത്തിയിട്ടും ഉണ്ടു്. ഇതു രണ്ടും നോക്കിയതിനു ശേഷം "കമ്മാള" എന്നു പറയുന്നതായിരിക്കും ഈ ബില്ലിന്റെ വ്യാപ്തിക്കു് ശരിയായിരിക്കുന്നതെന്നു് സിലക്ട് കമ്മറി നിശ്ചയിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

MR. PADIYARA JOSEPH KUNJU : 'കമ്മാള' എന്ന പദം നിരർത്ഥകമാണെന്നും 'വിശ്വകർമ്മ' എന്ന പദമാണ് അർത്ഥവത്തായിട്ടുള്ളതെന്നും കഴിഞ്ഞ യോഗത്തിൽ ഒരു മെംബർ പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ?

MR. M. R. NARAYANA PILLAI : ആ മെംബറുടെ പേരെന്താണ്?

MR. PADIYARA JOSEPH KUNJU : മിസ്റ്റർ പടിയറ ജോസഫ് കുഞ്ഞ്.

MR. PUTHUPALLI S. KRISHNA PILLAI : ഈ പദത്തിന്റെ അർത്ഥം ഏതു തരത്തിലിരുന്നാലും ഇത് തിരുവിതാംകൂറിൽ അധിവസിക്കുന്ന ആളുകളെ സംബന്ധിക്കത്തക്കവണ്ണം ഉണ്ടാക്കുന്ന ഒരു നിയമമായതുകൊണ്ടു ഇവിടെ 'കമ്മാള' പദത്തിനു ഒരു വ്യാപ്തിയുണ്ട്; 'കമ്മാള' എന്നു പറഞ്ഞാൽ ഇന്ന ആളെന്നു അറിയാം. അതുകൊണ്ടാണു ആ പദമുപയോഗിച്ചു ഈ ബിൽ ഉണ്ടാക്കണമെന്നു തീരുമാനിച്ചതു്.

MR. N. VELU ACHARY : ആ പേരിനാൽ അറിയപ്പെടുന്ന സമുദായത്തിന്റെ പേർ മറ്റു രാജ്യങ്ങളിലെ ഗവണ്മെൻറ് 'വിശ്വകമ്മ' എന്നും 'വിശ്വബ്രാഹ്മണർ' എന്നും സ്വീകരിച്ചിട്ടുള്ളതായി മെംബർക്കു അറിയാമോ?

MR. PUTHUPALLI S. KRISHNA PILLAI : എന്തായാലും ഈ ബില്ലു് അവിടത്തെ ആളുകളെ ബാധിക്കുന്നതല്ലെന്നു് സ്പഷ്ടമാണു.

MR. PADIYARA JOSEPH KUNJU : 'വിശ്വകമ്മ' എന്നു വിളിച്ചാൽ ഇവർ കമ്മാളരല്ലാതായിപ്പോകുമോ?

MR. PUTHUPALLI S. KRISHNA PILLAI : എന്റെ വാദമതല്ല.

MR. PADIYARA JOSEPH KUNJU : പിന്നെ ആ പേർ സ്വീകരിക്കുന്നതിൽ ഗവണ്മെൻറിനു് എന്താണു് നഷ്ടം?

MR. PUTHUPALLI S. KRISHNA PILLAI : മി. വേലുആചാരിയുടെ തടസ്സംകൊണ്ടു് എനിക്കു് നാലാമത്തെ പദം റഫർചെയ്യാൻ നിവൃത്തിയില്ല. മി. വേലുആചാരി അനുവദിക്കുമെങ്കിൽ റഫർചെയ്യാം. ഇതിൽ 'മലയാളകമ്മാള'രെ മാത്രമേ ചേക്കാവൂ എന്നാണു് പറയുന്നതു്. മലയാളക്കമ്മാളരോടു് ചോദിച്ചതിൽ അവർക്കു് കമ്മാള എന്നുള്ള പദമാണു് ഇഷ്ടമെന്നു രേഖപ്പെടുത്തി. സമുദായത്തിലെ അനവധി ആളുകളും ഉൽപ്പതിഷ്ണുക്കളെന്നു സഭക്കു തോന്നിയിട്ടുള്ള ഏതാനും ചിലയാളുകളും തങ്ങളെ വിശ്വകമ്മ എന്നു വിളിക്കുന്നതു് അഭിമാനമാണു് എന്നു അഭിപ്രായപ്പെട്ടു. അതുകൊണ്ടു് ആ പേരുകൂടി ചേർക്കുന്നതു് നന്നായിരിക്കുമെന്നു കമ്മറിക്കു് തോന്നിയതിനാലാണു് 'വിശ്വകമ്മ' എന്ന പദംകൂടി ചേർത്തതു്. സിലക്ട് കമ്മിറ്റിയുടെ അഭിപ്രായം എപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

ആയിരിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം; എന്റെ ധർമ്മവും അതാണ്. അതുകൊണ്ടു് ഈ ഭേദഗതി നടപ്പിൽ വരുത്തുന്നതു് ശരിയല്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

MR. PADIYARA JOSEPH KUNJU : പാണ്ടി വിശ്വകർമ്മരെ ഇതിൽനിന്നും ഒഴിവാക്കി മലയാള വിശ്വകർമ്മജരെ മാത്രം ഉൾപ്പെടുത്തി ഒരു നിയമം ഉണ്ടാക്കി അതിന് മലയാള വിശ്വകർമ്മ ബിൽ എന്നു പേരുകൊടുക്കുന്നതുകൊണ്ടു വിരോധമുണ്ടോ?

MR. PUTHUPALLI S. KRISHNA PILLAI : പുത്തൻപേരിനേക്കാളും പഴയപേരുകൊണ്ടു അറിയപ്പെടുകയാണു നല്ലതു.

MR. N. VELU ACHARY : മലയാള കമ്മാളരെ ബാധിക്കത്തക്കവണ്ണവും തമിഴ് കമ്മാളരെ ബാധിക്കാതിരിയ്ക്കത്തക്കവണ്ണവും ഒരു നിയമമുണ്ടാക്കിയാൽ ആ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിരിക്കുന്ന ഒരാൾ ഞാൻ തമിഴ് കമ്മാളനാണെന്നു പറഞ്ഞാൽ കോടതിക്കു അതു അറിയാൻ സാധിക്കുമോ?

MR. PUTHUPALLI S. KRISHNA PILLAI . തക്കത്തിന്റെ തീരുമാനം തക്കിക്കുന്ന ആളിന്റെ സ്റ്റേറ്റുമെന്റിനെ അടിസ്ഥാനപ്പെടുത്തി മാത്രം തിരുവിതാംകൂറിൽ ഉണ്ടാകാൻ വളരെ പ്രയാസമാണ്. ഒരാൾ എതു തന്നെ ശക്തിയായി പറഞ്ഞാലും അതു വകവയ്ക്കാതെ എതുയോ തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടു.

MR. N. VELU ACHARY : ഇങ്ങനെയാണ് ഈ സഭ ഇതു പാസ്സാക്കുന്നതെങ്കിൽ അധികമാളുകളും ഇതിൽനിന്നും മാറാനും തൻനിമിത്തം അനേകം കേസുകൾ ഉണ്ടാകാനും കാരണമായിത്തീരുകയില്ലേ?

MR. PUTHUPALLI S. KRISHNA PILLAI : നേരേമറിച്ചു് ഇതിലെ വ്യവസ്ഥകൾ സുവ്യക്തവും ആകർഷണീയങ്ങളുമായതുകൊണ്ടു് തമിഴ് കമ്മാളർക്കുടി ഇതിൽ വന്നുചേരുമെന്നാണ് കമ്മിറ്റിയുടെ അഭിപ്രായം.

MR. E. SUBRAMONIA AIYAR : ഈ ബില്ലിൽ കമ്മാള എന്നെഴുതി, ബ്രാക്കറ്റിൽ വിശ്വകർമ്മ എന്നു എഴുതിയിരിക്കുന്നു. 'കമ്മാള' ശബ്ദം കൊണ്ടു സമുദായം മുഴുവനും ഉൾപ്പെടുന്നില്ലെന്നു തോന്നിയിട്ടായിരിക്കണം 'വിശ്വകർമ്മ' എന്ന പദം കൂടി ചേർത്തതു്. ഏതായാലും ഒരു സാമാന്യ പേരു കൊടുത്തു നിയമം ഉണ്ടാക്കേണ്ടതല്ലെ ലജിസ്ലേച്ചറിന്റെ ധർമ്മം?

LIBRARY ARCHIVES Kerala Legislative Assembly

MR. PUTHUPALLI S. KRISHNA PILLAI : എന്നില്ല. ഈ സമുദായത്തിൽ 'കമ്മാള' എന്ന പേരിനാൽ അറിയപ്പെടുന്നവരാണ് അധികമുള്ളത്. ചിലർ 'വിശ്വകമ്മ' എന്നും, 'വിശ്വകമ്മജർ' എന്നും അറിയപ്പെടുന്നു. ഈ രണ്ടുപേരും ഇതിനു പേരുമെന്നാണ് ഇങ്ങനെ എഴുതിയിരിക്കുന്നതിന്റെ അർത്ഥം.

MR. E. SUBRAMONIA AIYAR : ബ്രാക്കറിനു പകരം ഒരു ഫൈഫൻ ഇട്ടാൽ പോരെ?

MR. PUTHUPALLI S. KRISHNA PILLAI : അങ്ങിനെ ഒരു അമൻഡുമെൻറ് വരുമ്പോൾ അതിനെപ്പറ്റി പറയാം. ഇപ്പോൾ വാദപ്രതിവാദത്തിൽ ഇരിക്കുന്ന ഭേദഗതിയെപ്പറ്റിയെ എനിക്കു പറയാൻ നിവൃത്തിയുള്ളൂ.

MR. N. VELU ACHARY : ഈ അമൻഡുമെൻറിനെപ്പറ്റിയല്ലെ ബഹുമാനപ്പെട്ട മെംബർ ചോദ്യം ചോദിച്ചതു്?

MR. PUTHUPALLI S. KRISHNA PILLAI : അമെൻഡുമെൻറ് 'കമ്മാള' (വിശ്വകമ്മ)' എന്നു ചേർക്കണമെന്നു മാത്രമാണ്.

MR. N. VELU ACHARY : അങ്ങിനെയല്ല. 'മലയാളക്കമ്മാള' or 'വിശ്വകമ്മ'. എന്ന പദത്തിനു പകരം 'വിശ്വകമ്മ' എന്നു ചേർക്കണമെന്നാണ്.

MR. PUTHUPALLI S. KRISHNA PILLAI : ഇവിടെ അച്ചടിച്ചുവച്ചിരിക്കുന്ന അമെൻഡുമെൻറു വച്ചുകൊണ്ടെ എനിക്കു വാദിക്കുവാൻ നിവൃത്തിയുള്ളൂ.

MR. PADIYARA JOSEPH KUNJU : ഇനിയും പത്തുപേർ 'തച്ചൻ' എന്നു ചേർക്കണമെന്നു മൊഴി തരികയാണെങ്കിൽ അതു സ്വീകരിക്കുമോ?

MR. PUTHUPALLI S KRISHNA PILLAI : അതു് ഒരു ഹൈപ്പോത്തറിക്കൽ കപ്സ്റ്റ്യനാണ്.

MR. N. VELU ACHARY : ഫൻസ-ഫ-ൽ സെൻസസ്സിൽ വിശ്വകർമ്മ സമുദായത്തിലുള്ളവരെ പതിമൂന്നായി പിരിച്ചിട്ടുണ്ടു്. അവരെല്ലാം ഉൾപ്പെടത്തക്കവണ്ണം ഒരു പ്രത്യേക പേരിടുന്നതു നന്നായിരിക്കയില്ലെ?

MR. PUTHUPALLI S. KRISHNA PILLAI : അങ്ങിനെയാണ് വ്യാഖ്യാനംകൊണ്ടു കാണുന്നതു്. മെംബർ എന്നെ റെഫർചെയ്യാൻ അനുവദിക്കുമെങ്കിൽ ഞാൻ പറയാം. രണ്ടാമത്തെ ക്ലാസ്സ്. ഒന്നാം ഉപവകുപ്പിൽ ഈ ജാതിയെല്ലാം കമ്മാളശബ്ദത്തിൽ ഉൾപ്പെടുമെന്നു പറഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. E. SUBRAMONIA AIYAR: മി. വേലുആചാരി ഇവിടെ വായിച്ച സെൻസസ്സ് റിപ്പോർട്ടിലെ ഏക്സാട്ക്ടിൽ നിന്നും 'കമ്മാള' എന്ന പേരു കേറ്റപ്പേർക്കുമാത്രമേയുള്ളൂ എന്നും അതു് ഒരു പൊതുപേരല്ലെന്നും സ്പഷ്ടമാകുന്നു. ആ സ്ഥിതിക്കു് ഇവരെല്ലാം ഉൾപ്പെടത്തക്കവണ്ണം ഒരു പുതിയ പേരു് കൊടുക്കയല്ലെ നല്ലതു്.

MR. PUTHUPALLI S. KRISHNA PILLAI : 'കമ്മാള' എന്നു പറയുന്നതു പൊതുപ്പേരാണു്. കമ്മാളരിൽ ഓരോ തൊഴിൽ ചെയ്യുന്നവരും തൊഴിലില്ലാതെ നടക്കുന്നവരും ഉണ്ടു്. പൊൻപണിക്കാരൻ, ചെമ്പുതട്ടി, കല്ലാശാരി എന്നിങ്ങനെയുള്ള പ്രത്യേക തൊഴിലുകൊണ്ടു അറിയാൻ നിവൃത്തിയില്ലാത്ത ആളുകളുണ്ടു്. അവരെല്ലാം കമ്മാളർ എന്നു അറിയപ്പെടുന്നു എന്നേയുള്ളൂ.

MR. N. VELU ACHARY : ആശാരി, ചെമ്പുതട്ടി, കല്ലാശാരി എന്നൊക്കെ എഴുതിയിരിക്കുന്ന കൂട്ടത്തിൽ കമ്മാളർ എന്നും എഴുതിയിരിക്കുന്ന സ്ഥിതിക്കു് അതു പൊതുപ്പേരല്ലെന്നറിയാമൊ?

MR. PUTHUPALLI S. KRISHNA PILLAI : 'കമ്മാള' എന്നുള്ളതു് പൊതുപ്പേരാണു്. സെൻസസ്സു് റിപ്പോർട്ടിൽ ഒരു പണിയും ചെയ്യാത്തവർ പൊതുപ്പേരുകൊണ്ടു് അറിയപ്പെടുന്നു.

MR. PADIYARA JOSEPH KUNJU : 'വിശ്വകർമ്മ' എന്നുള്ള പദം ഇടത്തുവശത്തും 'കമ്മാള' എന്നുള്ള പദം ബ്രാക്കറ്റിനകത്തും ഇട്ടാലതു കൊണ്ടു് എന്താണു് വിരോധം?

MR. PUTHUPALLI S. KRISHNA PILLAI : അങ്ങിനെ ഒരു ഭേദഗതി കൊണ്ടുവന്നാൽ അതിനെപ്പറ്റി അഭിപ്രായം പറയാം. കമ്മാളശബ്ദം ഇതിൽനിന്നും എടുത്തുകളയുന്നതു ശരിയല്ലെന്നാണു് എന്റെ വാദം. സമുദായത്തിന്റെ പേരു് പരിഷ്കരിക്കുന്നതിനുവേണ്ടി മാത്രം ഈ സഭയുടെ സമയം ചെലവാക്കുന്നതു് സഭയ്ക്കുതന്നെ നല്ലതല്ല.

MR. N. VELU ACHARY : മദ്രാസ് ഗവണ്മെൻറും മൈസൂർ ഗവണ്മെൻറും അടുത്തകാലത്തു കൊച്ചിഗവണ്മെൻറും വിശ്വകർമ്മ എന്ന പദം സ്വീകരിച്ചിട്ടുള്ളതുകൊണ്ടു് നമ്മുടെ ബഹുമാനപ്പെട്ട ഗവണ്മെൻറും ആ പേരുതന്നെ സ്വീകരിക്കുന്നതിൽ വല്ല പ്രതിബന്ധവുമുണ്ടോ? ദയവുചെയ്തു ആ പേരുതന്നെ സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. കാരണം നമ്മുടെ കഴിഞ്ഞ സെൻസസ്സിൽതന്നെ.....

DEPUTY PRESIDENT: Mr. Velu Achary, you cannot make a speech.

LIBRARY ARCHIVES Kerala Legislative Assembly

MR. PUTHUPALLI S. KRISHNA PILLAI : 'വിശ്വകർമ്മ' ആക്ട് എന്ന ഒരു നിയമം ഈ പറഞ്ഞ പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ളതായി എനിക്കറിവില്ല. വിശ്വബ്രാഹ്മണർ എന്നെഴുതണമെന്നാവശ്യപ്പെട്ടപ്പോൾ അങ്ങനെ ആവാമെന്ന പറഞ്ഞ ഗവണ്മെൻറും ഉണ്ട്. കുറെ കഴിഞ്ഞ് ഇവരെ ബ്രാഹ്മണരെന്ന പറയരുത്; വിശ്വകർമ്മ എന്നേ പറയാവൂ എന്ന പറഞ്ഞ ഗവണ്മെൻറും ഉണ്ട്. ഇവരെ ബ്രഹ്മശ്രീ എന്ന അഡ്രസ്സ് ചെയ്യണമെന്ന പറഞ്ഞ ഗവണ്മെൻറും അതു പാടില്ല എന്ന പറഞ്ഞ ഗവണ്മെൻറും ഉണ്ട്. ഇതെല്ലാം കമ്മാളസമുദായത്തെ സംബന്ധിച്ചിടത്തോളം ഉണ്ടായിക്കൊണ്ടിരിക്കുന്ന ചില്ലറസംഭവങ്ങളാണ്.

MR. PADIYARA JOSEPH KUNJU : കമ്മാളരെന്നേ പറയാവൂ എന്ന നിർബന്ധിച്ച ഗവണ്മെൻറുണ്ടോ?

MR. PUTHUPALLI S. KRISHNA PILLAI : ഇല്ല.

MR. P. S. MUHAMED : 'കമ്മാള' എന്നുള്ള പേരു മാറി വേറെ പേര ഇടണമെന്നും സമുദായം ആഗ്രഹിക്കുമ്പോൾ അങ്ങനെ ചെയ്യുന്നതോ?

MR. PUTHUPALLI S. KRISHNA PILLAI : എന്നെ സംബന്ധിച്ചിടത്തോളം ഒരു വ്യക്തി ഒരു സമുദായമായി ഞാൻ കരുതുന്നില്ല.

MR. E. SUBRAMONIA AIYAR : Are you taking up this legislation in consideration for one *vyakti* or on the basis of our knowledge of the community?

MR. PUTHUPALLI S. KRISHNA PILLAI : No.

ഈ ബില്ലെഴുതിയിരിക്കുന്നത് ഒരാളിന്റെയോ കമ്മറിയുടെയോ അഭിപ്രായത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയല്ല. സമുദായത്തിലെ പല ആളുകളോടും ചോദിച്ചും അവർ തന്നിട്ടുള്ള മെമ്മോറിയലുകൾ വായിച്ചും തെളിവെടുത്തും തീരുമാനിച്ചാണ് ഇതെഴുതിയിരിക്കുന്നത്. ഇതുതന്നെ ഞാൻ ഇതിനുമുമ്പ് പറഞ്ഞു കഴിഞ്ഞു. ഒരു മെമ്പറോ പത്തു മെമ്പറോ ഇതിനെതിരായി വാദിക്കുന്നപക്ഷവും അവരെ ഞാൻ സമുദായമായിട്ട കരുതുന്നില്ല.

MR. P. S. MUHAMED : തെളിവുതന്നിട്ടുള്ളവരുടെ കൂട്ടത്തിൽ ആരെങ്കിലും ഈ രണ്ടു പേരും വേണമെന്ന പറഞ്ഞിട്ടുണ്ടോ?

MR. PUTHUPALLI S. KRISHNA PILLAI : അങ്ങനെ പറഞ്ഞതായിട്ട് ഓർക്കുന്നില്ല. അതുകൂടിയുണ്ടായിരുന്നാൽ കൊള്ളാമെന്ന പറഞ്ഞിട്ടുണ്ട്. കമ്മാളരുടെ ഇടയിൽത്തന്നെ ഒരു പൂണൂൽകൂടി ധരിക്കുന്നത് അവർക്ക് ഒരു ശ്രേയസ്സാണെന്ന തോന്നിയിട്ടുള്ളവരുണ്ട്. ഇതൊന്നും ധരിക്കാതെ നട

LIBRARY ARCHIVES Kerala Legislative Assembly

ന്നാലും കമ്മാളനല്ലെന്ന പറയുകയില്ലെന്ന ബോദ്ധ്യമുള്ളവരുണ്ട്. അതു പോലെ ഈ പേരുകൂടി ഇരുന്നാൽകൊള്ളാമെന്ന അഭിപ്രായപ്പെട്ടിട്ടുള്ളവരും ഉണ്ട.

MR. PADIYARA JOSEPH KUNJU: കമ്മറിയിൽ മൊഴിതന്നിട്ടുള്ളതിൽ ഭൂരിപക്ഷം, കമ്മാള എന്ന പദംതന്നെ വച്ചുകൊണ്ടിരിക്കണമെന്ന പറഞ്ഞിട്ടുള്ളവരാണോ ?

MR. PUTHUPALLI S. KRISHNA PILLAI: കമ്മാള എന്നു പറയുന്നതാണ് ശ്രേയസ്കരം എന്ന് അഭിപ്രായപ്പെട്ടവരാണ് കൂടുതൽ ഭാഗവും. അതുകൊണ്ടാണ് സിലക്ട് കമ്മറി അങ്ങനെ തീരുമാനിച്ചത്.

MR. N. VELU ACHARY: സിലക്ട് കമ്മറി റിപ്പോർട്ട് വളരെ കാര്യമായി കരുതേണ്ടതാണെന്നു പറഞ്ഞു. നായർ ബിൽ, ഈഴവബിൽ, ക്ഷത്രിയബിൽ മുതലായ മറ്റു നിയമങ്ങൾ ഉണ്ടാക്കിയപ്പോൾ രാജ്യമൊട്ടുക്കു സഞ്ചരിച്ചതുപോലെ ഈ ബില്ലിനെ സംബന്ധിച്ചും ചെയ്യാത്തതുകൊണ്ടു വിശ്വകർമ്മ സമുദായത്തിന്റെ ഏകോപിച്ചുള്ള അഭിപ്രായം കിട്ടാൻ സഭകയ്യപ്പെട്ടിട്ടില്ലെന്ന മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ?

MR. PUTHUPALLI S. KRISHNA PILLAI: സിലക്ട് കമ്മറിയുടെ ക്ഷണമനുസരിച്ച് കമ്മറിമുമ്പാകെ അനവധിയാളുകൾ മൊഴിതന്നിട്ടുള്ളതിൽ നിന്നും കാര്യങ്ങൾ മനസ്സിലാക്കി തീരുമാനിക്കുകയാണുണ്ടായിട്ടുള്ളത്. അതുകൊണ്ട് കമ്മറിയുടെ തീരുമാനം ശരിയാണെന്നും ശരിയാകാരണം കൂടാതെ ഇല്ലാതെ അതു ഭേദപ്പെടുത്താൻ പാടില്ലെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ.

MR. PADIYARA JOSEPH KUNJU: കമ്മിറിയിൽ ഭൂരിപക്ഷവും ഈ സമുദായക്കാരായിരുന്നോ ?

MR. PUTHUPALLI S. KRISHNA PILLAI: അല്ല. അങ്ങനെയാണെങ്കിൽ ഈ സഭയുടെ കാര്യം അടുത്തപ്രാവശ്യം ചോദിക്കുന്നു. ആ സമുദായത്തിലെ അംഗങ്ങൾ ഭൂരിപക്ഷമുള്ള ഒരു കമ്മറി ആയിരുന്നാൽ ഈ നിയമം പാസാക്കാൻ ഈയ്യിടെ ഒന്നും സാധിക്കുകയില്ല.

MR. N. VELU ACHARY: കമ്മറിയിൽ ആദ്യം ഏഴു അംഗങ്ങൾ ഉണ്ടായിരുന്നു. റിപ്പോർട്ടെഴുതിയപ്പോൾ എട്ടോ ഒൻപതോ പേർമാത്രമേ ഉണ്ടായിരുന്നുള്ളു എന്നു മെമ്പർക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

MR. PUTHUPALLI S. KRISHNA PILLAI : ആദ്യമുണ്ടായിരുന്ന ആളുകം മുഴക്കെ ഇല്ലായിരുന്നു എന്നറിയാം. പക്ഷെ അതുകൊണ്ട് കമ്മറിയുടെ അഭിപ്രായത്തിന് വിലക്കുറവുവന്നു എന്ന് ഞാൻ വിശ്വസിക്കുന്നില്ല. കമ്മിറിയുടെ തീരുമാനത്തെ അനുകൂലിച്ചിരിക്കാനേ എനിക്കു നിവൃത്തിയുള്ളൂ. മി. വേലുആചാരിയുടെ വാദം കേട്ടശേഷവും അദ്ദേഹം പറയുന്നതുപോലെയുള്ള ഭേദഗതിവരുത്തേണ്ട ആവശ്യകത എനിക്കു ബോദ്ധ്യമാകുന്നില്ല.

MR. PADIYARA JOSEPH KUNJU : ബില്ലിലെ പ്രതിപാദ്യവിഷയത്തെപ്പറ്റി ഞങ്ങൾക്ക് വിപരീതാഭിപ്രായമില്ലെന്നും പേരിനെപ്പറ്റി മാത്രമേ വിപരീതാഭിപ്രായമുള്ളൂ എന്നും മെമ്പർക്കു അറിയാമോ ?

MR. PUHTUPALLI S. KRISHNA PILLAI : വേറെ പല അമൻറുമെൻറുകളും വന്നിട്ടുണ്ട്. അതിനെപ്പറ്റി പറയാൻ മി. വേലുആചാരി അനുവദിക്കാത്തതുകൊണ്ട് അഭിപ്രായം പറയുവാൻ എനിക്ക് നിവൃത്തിയില്ല.

MR. N. RAMAKRISHNA PILLAI : മി. വേലുആചാരിയുടെ സമുദായത്തിൽനിന്നും പലരും മൊഴികൊടുക്കാൻ വന്നിരുന്നല്ലോ. അതിൽ ആരെങ്കിലും കമ്മാളശബ്ദമുപയോഗിച്ചുപോകരുതെന്നു പറഞ്ഞിട്ടുണ്ടോ ?

MR. PUTHUPALLI S. KRISHNA PILLAI : അങ്ങനെ പറയരുതെന്ന് ഒരു ശാസനം കമ്മറിക്കാരും കൊടുത്തിട്ടുള്ളതായി അറിവില്ല. കമ്മാളർ എന്നേ പറയാവൂ എന്നു പറഞ്ഞവർ ധാരാളമുണ്ട്.

MR. PADIYARA JOSEPH KUNJU : വിശ്വകർമ്മ എന്നു പറയണമെന്നു പറഞ്ഞവരില്ലേ ?

MR. PUTHUPALLI S. KRISHNA PILLAI : അങ്ങനെ പറഞ്ഞവരും ഉണ്ട്. കൂടുതൽ മറ്റേ പേരിനോട് പ്രതിപത്തിയുള്ളവരാണ്.

MR. KAVIYOOR K. K. KOCHUKUNJU : കമ്മാളരെല്ലാം വിശ്വകർമ്മാവിനെ പൂജിക്കുന്നവരല്ലേ ?

MR. PUTHUPALLI S. KRISHNA PILLAI : അവർ ഭഗവതിക്ഷേത്രത്തിലും ശിവക്ഷേത്രത്തിലും ശാസ്താക്ഷേത്രത്തിലും ഒക്കെ പോകുന്നുണ്ട്. അവിടെയെല്ലാം വിശ്വകർമ്മാവുണ്ടോ എന്ന് എനിക്കു നിശ്ചയമില്ല

MR. PADIYARA JOSEPH KUNJU : വിശ്വകർമ്മാവിൻറെ തൊഴിലാണു അവർ നടത്തുന്നതെന്നു മെമ്പർക്കറിയാമോ ?

MR. PUTHUPALLI S. KRISHNA PILLAI : വിശ്വകർമ്മാവിൻറെ തൊഴിലെന്താണെന്നു എനിക്ക് നിശ്ചയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. PADIYARA JOSEPH KUNJU : ശില്പവേല.

MR. PUTHUPALLI S. KRISHNA PILLAI : അങ്ങനെയാണെങ്കിൽ ശില്പ വേലചെയ്യുന്നവർ കമ്മാളരുടെ കൂട്ടത്തിലുണ്ട്.

MR. N. VELU ACHARY : അദ്ധ്യക്ഷസ്ഥാനത്തുനിന്നും ഡിക്ഷ്ണറി എടുത്തു പരിശോധിച്ചതിൽ വിശ്വകർമ്മ എന്ന ഒരു ദേവനുണ്ടായിരുന്നുവെന്നും ആ ദേവന്റെ സന്താനങ്ങളാണ് 'കമ്മാള' അല്ലെങ്കിൽ 'കമ്മകാര' എന്നു പറയപ്പെട്ടവരെന്നും പറഞ്ഞിട്ടുള്ളതായി ഓർക്കുന്നുണ്ടോ ?

MR. M. L. JANARDANA PILLAI (*Nominated*): വിശ്വകർമ്മ എന്ന പേർ പറഞ്ഞതുകൊണ്ട് കമ്മാളനല്ലാതെവന്നേക്കുമോ ?

MR. PUTHUPALLI S. KRISHNA PILLAI : വന്നുപോയേക്കാം.

MR. E. SUBRAMONYA AIYAR : Sir, I want to put a question. I have got an honest doubt on that matter. I want to know whether by using the word "Kammala" all those persons who are not called by that appellation will also be included. Suppose we go to South Travancore and use the word Kammala; it is doubtful whether all the persons there would come under that term. That is a matter which requires some elucidiation. You may include here Thachan, Thattan and others under term Kammala. But if you go to other places, that term may not include them all. I would request the Legislature to consider this aspect of the matter. When we legislate it is necessary for us to find out whether a term we are using will include the whole community. We must use a term which will embrace all the people rather than use one which will apply only to a sub secti. That is simply the question which I request the legislature to consider.

MR. PUTHUPALLI S. KRISHNA RILLAI : Sir, I am not in a position to answer the learned member.

MR. G. NILAKANTAN : Is the member aware that the term Kammala will apply to the community known as the Viswakarma communi. ty, whereas in northern parts it will never apply to them. The com. munity is known only by the term Kammala in all parts of the country.

In every court in every country, everywhere they are known by the name of Kammalas and not by the name of Viswakarmas. What Mr. Subramonia Aiyar says with regard to South Travancore is not a fact.

DEPUTY PRESIDENT : You are entitled only to put a question and not to make a speech. You are absolutely irrelevant.

MR. E. SUBRAMONIA AIYAR : The member is not entitled to say that what I said was incorrect.

MR. G. NILAKANTAN : I know more about my community.

MR. PUTHUPALLI S. KRISHNA PILLAI : We, honourable members in this House need not.....

(Mr. Velu Achary stood up to ask a question)

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT : You may reserve all your questions till the end of the Legal Remembrancer's speech.

MR. PUTHUPALLY S. KRISHNA PILLAI : This controversy as to who amongst us knows more about Kammalas is absolutely out of place.

നമ്മുടെ മെമ്പർമാരുടെയിടയിൽ ആക്കാണ് കമ്മാളരെപ്പറ്റി കൂടുതൽ അറിയാവുന്നതെന്ന ഉള്ളൊരു വാദം മി. ജി. നീലകണ്ഠനും മി. വേലുആചാരിയും തമ്മിലുള്ള വാദംപോലെ ആയിപോകും. ഇങ്ങനെയുള്ള വാദങ്ങളുടെ ആവശ്യമൊന്നമില്ല. മലയാള കമ്മാളരെ സംബന്ധിച്ച് നാം നിയമമുണ്ടാക്കുന്നത്. ഏതൊരു സമുദായത്തെ സംബന്ധിച്ച് നിയമമുണ്ടാക്കുന്നവോ ആസമുദായത്തെ ശരിയായി അറിയുന്നതിന് ഉതകുന്ന ഒരു പേര് 'കമ്മാള'എന്നുള്ള പദംതന്നെയാണ്. വിശ്വബ്രാഹ്മണർ എന്ന ഒരു പദം തിരുവിതാംകൂറിൽ പണ്ടില്ലാത്തതായിരുന്നു. എന്റെ പരിചയത്തിൽ ഞാൻ അതു കേട്ടിട്ടില്ല. പിന്നെ പരിഷ്കാരം വർദ്ധിച്ചപ്പോൾ വിശ്വകർമ്മജർ, വിശ്വകർമ്മാ എന്നൊക്കെയുള്ള പേരുകൾ വന്നതേന്ന്.

MR. N. VELU ACHARY : ൫൦ വർഷത്തിനു മുമ്പുമുതൽ 'വിശ്വകർമ്മ' എന്ന ഗവണ്മെന്റ് റിക്കാർഡുകളിൽ ഉള്ളതായി മെമ്പർക്ക് അറിയാമോ ?

MR. PUTHUPALLI S. KRISHNA PILLAI : ഞാൻ ഗവണ്മെന്റ് റിക്കാർഡു, ഈ ജോലിയുടെ ആവശ്യത്തിനല്ലാതെ മറ്റുള്ളതു കണ്ടിട്ടില്ല. ഞാൻ പറയുന്നതു നാട്ടിൻപുറത്തെ കാര്യമാണ്. മി. നീലകണ്ഠൻ, തച്ചനും തണ്ടാനും, വിശ്വകർമ്മാവെന്ന പേരുവച്ചിരിക്കുന്നു എന്നു പറയുന്നു.

MR. PADIYARA JOSEPH KUNJU : ഇതിൽ ഇട്ടിരിക്കുന്ന ബ്രാക്കറ്റ് 'കമ്മാള' എന്ന പദത്തിനുശേഷത്താൽ എന്താണുവിരോധം ?

MR. PUTHUPALLI S. KRISHNA PILLAI : എനിക്കൊരു വിരോധവും ഇല്ലെന്നു മുമ്പേ പറഞ്ഞുകഴിഞ്ഞു. പക്ഷെ 'കമ്മാള' എന്നുള്ളപദം എടുത്തുകളയരുതു്.

MR. K. P. ABRAHAM : കമ്മാള എന്നവാക്കോ വിശ്വകർമ്മ എന്ന വാക്കോ ഏതാണ് മുമ്പേ വരേണ്ടതു ?

MR. PUTHUPALLI S. KRISHNA PILLAI : കമ്മാള എന്നുള്ള പദം തന്നെയാണ് മുമ്പേവരേണ്ടതു്. പിന്നീട് വന്നതാണല്ലോ വിശ്വകർമ്മ എന്നുള്ളതു് ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. VELU ACHARY: 'കമ്മാള' എന്നുള്ളതു് ഡെഫനിഷൻ ക്ലാസ്സിൽ ഇട്ടാൽപോരേ?

MR. PUTHUPALLI S. KRISHNA PILLAI: ഒരു ആക്ട് ഏതിനെപ്പറ്റി ഡീൽചെയ്യുന്നതോ അതിന്റെ പേർ അതിൽകാണാം. പേരിന് അർത്ഥമില്ല, അർത്ഥമുള്ള പേരുണ്ടാകരുതോ എന്നൊക്കെ ചോദിക്കുന്നുണ്ട്. ഈ ആക്ട് ആരെപ്പറ്റിയാണു? കമ്മാളനെപ്പറ്റിയാണു. ആ സ്ഥിതിക്കു് കമ്മാളപദം അതിൽ വേണം.

MR. N. VELU ACHARY: സമുദായത്തിനു് ആവശ്യമില്ലെങ്കിൽ നിയമമുണ്ടാക്കുന്നതിനു് ഈ സഭക്കു് അധികാരമുണ്ടോ?

MR. PUTHUPALLI S KRISHNA PILLAI: ഉണ്ടു്. അനാവശ്യമായ അനാചാരങ്ങളെക്കൊണ്ടും ദുരാചാരങ്ങളെക്കൊണ്ടും ഒരു സമുദായം ജീവിച്ചുവരികയാണെങ്കിൽ അതു പാടില്ല. ഇന്നമാതിരി നടക്കണമെന്നു പറയുവാൻ ഈ സഭക്കധികാരമുണ്ടു്. നിങ്ങളുടെ വിവാഹചടങ്ങു്, ദായക്രമം മുതലായവയെല്ലാം ഇന്നവിധത്തിൽ വേണമെന്നു നിർബന്ധിക്കാൻ ഈ സഭയ്ക്കുള്ള അധികാരത്തെ ആക്ഷേപിക്കുവാൻ പാടില്ലാത്തതാണു്. ഈ സഭയുടെ അധികാരത്തെ പരിരക്ഷിക്കേണ്ട ചുമതല ലീഗൽറിമംബ്രൻസരുടേതാണെന്നു മുമ്പു ഒരവസരത്തിൽ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ സംഗതി ഈ സഭയുടെ അധികാരത്തിൽപ്പെട്ടതാണു്. അതുകൊണ്ടു് സഭയുടെ അധികാരത്തെപ്പറ്റി ചെയ്യുന്ന ചോദ്യം ഞാൻ വകവയ്ക്കുകയില്ല.

MR. PADIYARA JOSEPH KUNJU: ഈ ചോദ്യം ഞാൻ വകവയ്ക്കുകയില്ല എന്നു പറയുന്നതു ശരിയാണോ?

MR. PUTHUPALLI S. KRISHNA PILLAI: സർ, ലീഗൽറിമംബ്രൻസരുടെ, സഭയുടെ അധികാരസംരക്ഷണത്തെ സംബന്ധിച്ചിടത്തോളമുള്ള ചുമതല ഞാൻ സർവാത്മനാ നിർവഹിച്ചുവരികയാണു്.

MR. N. VELU ACHARY: ഈ സഭയിൽ ഏഴോ എട്ടോ പേർ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു് ....

MR. PUTHUPALLI S. KRISHNA PILLAI: കമ്മറ്റിയുടെ കാൺസ്റ്റിറ്റ്യൂഷനെപ്പറ്റി ചോദ്യംചെയ്യാൻ മെമ്പർക്കധികാരമില്ല.

DEPUTY PRESIDENT: I am not going to allow you to put any more questions. You are interrupting the Legal Remembrancer too much.

LIBRARY ARCHIVES Kerala Legislative Assembly

MR. PUTHUPALLI S. KRISHNA PILLAI : സിലക്ട് കമ്മിറ്റി റിപ്പോർട്ടും അവർ പുതുക്കിയ ബില്ലും ഇവിടെ പരിശോധിക്കുകയാണ്. ഇതിൽ വേണ്ട ഭേഗതിചെയ്യാൻ ഈ സഭക്കധികാരമുണ്ട്. പക്ഷെ സിലക്ട് കമ്മറ്റിയുടെ അഭിപ്രായത്തെ ആദരിക്കേണ്ടതാണ്. ആ സ്ഥിതിക്ക് കമ്മാളശബ്ദം ഇതിൽ വേണ്ടതാണ്. അതുകൊണ്ട് അതുതന്നെ സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. N. VELU ACHARY: സർ, എന്റെ ഭേഗതി പാസ്സാക്കിത്തരണമെന്നുള്ളതിന് പല തെളിവുകളും സമർപ്പിക്കേണ്ടിയിരിക്കുന്നു. അതിനു സൗകര്യം തരണമെന്നപേക്ഷിക്കുന്നു.

DEPUTY PRESIDENT: You want permission to speak?

MR. N. VELU ACHARY: ഭേഗതി അവതരിപ്പിച്ചയാളിനു റിപ്ലൈ പറയുവാൻ അവകാശമുണ്ട്.

DEPUTY PRESIDENT: You are not entitled to speak but if you want permission, that may be given.

MR. N. VELU ACHARY: എന്നാൽ ഞാൻ അനുവാദം ആവശ്യപ്പെടുന്നു.

DEPUTY PRESIDENT: Permission is given.

DEPUTY PRESIDENT: The House will now adjourn and meet again at 2 P. M.

MR. N. VELU ACHARY: എന്റെ ഭേഗതിയുടെ താല്പര്യം ഇതിൽ നിന്നും കമ്മാള എന്നുള്ളപദം എടുത്തുകളയണമെന്നാണ്.

MR. PUTHUPALLI S. KRISHNA PILLAI: വിശ്വകർമ്മ എന്ന പദം ആദ്യം ചേർക്കുകയും കമ്മാള എന്നപദം ബ്രാക്കറ്റിനകത്തുചേർക്കുകയും ചെയ്താൽ ദോഷമുണ്ടോ?

MR. N. VELU ACHARY: അതു എന്റെ സമുദായം ഒരിക്കലും സ്വീകരിക്കുകയില്ല.

MR. PUTHUPALLI S. KRISHNA PILLAI: കമ്മാള എന്നുള്ളപദം ഈ ബില്ലിനകത്തേ വന്നുകൂടാ എന്നാണോ അഭിപ്രായം?

MR. N. VELU ACHARY: കമ്മാള എന്നുള്ളപദം ഡെഫനിഷൻ ക്ലാസ്സിൽ വരുത്തണം. കഴിഞ്ഞ സെൻസസിൽ മറ്റുപല ഉപ വിഭാഗങ്ങളേയും പറഞ്ഞിരിക്കുന്നതുപോലെ കമ്മാളരുടെ ജനസംഖ്യയും എത്രയാണെന്നു പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. G. NILAKANTAN : സെൻസസ് റിപ്പോർട്ടിൽ കമ്മാളരുടെ സംഖ്യ ൫൦,൦൦൦ ഉണ്ടെന്നു മെമ്പർ പറഞ്ഞതു വെറും കളവാണ്. സെൻസസ് റിപ്പോർട്ടിൽ കമ്മാള എന്നു പറയുന്ന വിഭാഗത്തിന്റെ ഉപവിഭാഗത്തിന്റെ ജനസംഖ്യ മാത്രമേ പറഞ്ഞിട്ടുള്ളൂ.

MR. N. VELU ACHARY : ഇതു സെൻസസ് റിപ്പോർട്ടിൽനിന്നും കുറിച്ചെടുത്തതാണു്.

DEPUTY PRESIDENT : The House will now adjourn and meet again at 2 P. M.

The House adjourned and met again at 2 P. M. with the President in the Chair.

Members Sworn.

The following members took the oath and signed the rolls:

1. Mr. K. Madhava Kurup (*Director of Registration*).
2. Mr. K. Sankaran (*Secretary to Government*).

PRESIDENT : The honourable member Mr. Velu Achary stated before lunch that he had some idea of presenting a petition and if there was a petition I said I would come to it.

MR. N. VELU ACHARY : കമ്മാളസംഘത്തിൽനിന്നും അയച്ചപെറിഷനാണു് ഇതു്. സംഘങ്ങളിൽനിന്നും ഇതുപോലെ പെറിഷൻ അയക്കുന്നുണ്ടു്.

PRESIDENT : Order, order. Is the honourable member presenting a petition ? If he is presenting a petition then he must give a copy of it to the Secretary so that he may follow the necessary procedure. You are at liberty as pointed out here to confine yourself to the parties from whom it comes and the allegations contained in it. If you do that you will hand it over to the Secretary and the Secretary will make an abstract of it and read it. I expected you to have done it during the lunch interval so that we may know what it is all about.

MR. M. SIVATHANU PILLAI : അതു മലയാളകമ്മാളരിൽ നിന്നാണോ മറ്റു കമ്മാളരിൽനിന്നാണോ ?

PRESIDENT : Order, order. How does the question arise, Mr. Sivathanu Pillai ?

SECRETARY : There are three petitions presented by Mr. N. Velu Achary. They are from the President, Viswabrahma Vamsaparipalanayogam, Chirayinkil taluk; President Viswakarma Samajam, Varkala and from the President Viswakarma Samajam, Pathanamtitta. The main prayer of the petitioners is to include all the members of the community within the purview of the by changing the word "Malayala Kammala " into "Viswakarmas in Travancore". They therefore pray that the amendments given notice of by Mr. N. Velu Achary may be accepted by the House. The petition forwarded by the President, Viswakarma Samajam, Varkala is signed by 62 persons.

LIBRARY ARCHIVES Kerala Legislative Assembly

MR. PUTHUPALLI S. KRISHNA PILLAI: Before Mr. Velu Achary is allowed to continue his speech, I may be permitted.. .....

[Mr. Velu Achary requested the President to ask the honourable member to speak in Malayalam.]

PRESIDENT: The Legal Remembrancer may please speak in Malayalam.

MR. PUTHUPALLI S. KRISHNA PILLAI: മിസ്റ്റർ. വേലുആചാരിയുടെ പ്രസംഗം തുടരുന്നതിനുമുമ്പായി ഈ സഭയുടെ അറിവിലേയ്ക്കു ഇവിടെ വാദപ്രതിവാദത്തിനിടയായ ഒരു ചെറിയ വിവരം സെൻസസ്സ്റിപ്പോർട്ടിൽ നിന്നു വായിക്കുവാൻ അനുവദിക്കണം. ഞാൻ വായിച്ചതിൽ അങ്ങനെ ഒന്നുണ്ടായിരിക്കുവാൻ ഇടയില്ലെന്നു വാദിച്ചുകൊണ്ടു മി. വേലുആചാരി അതിനെ എതിർക്കുകയുണ്ടായി. മി. നീലകണ്ഠൻ അതു കള്ളമാണെന്നു പറഞ്ഞു.

PRESIDENT: When did he say that ?

MR. PUTHUPALLI S. KRISHNA PILLAI: During the course of the heated controversy that was going on here.

PRESIDENT: What was the expression used ? Was it in English?

MR. PUTHUPALLI S. KRISHNA PILLAI: What he really meant was correct. I had to verify that during lunch time and I found that Mr. Velu Achary's quotation was incorrect.

In the Census Report of 1931 it is stated thus—"Kammalas consist of two main classes, Pandi Kammalas and Malayala Kammalas. Each of them is further divided into five occupational castes, namely, Kannan or Musari (brazier), Kalthacchan or Kallasari (stone worker), Kollan (iron worker), Thacchan or Asari (carpenter) and Thattan (goldsmith). The different sections of pandi Kammalas wear the sacred thread and interdine and intermarry with one another, but those of Malayala Kammalas do not. The Pandi Kammalas own Brahmanical gotras and resemble Brahmans in their marriage rites. They have been agitating for being called Brahmans under the name of 'Viswa Brahmin' or 'Viswakarma'. The latter name is now being adopted by both the Pandi and Malayala Kammalas." It is not as it was contended here that all these people are known as Pandi and Malayala Kammalas. Now the name of Viswakarma is being adopted.

MR. PADIYARA JOSEPH KUNJU: ഇവിടെ വായിച്ച ഈ ഭാഗംകൊണ്ടതന്നെ മി. വേലുആചാരിയുടെ ഭാഗം ശരിയാണെന്നല്ലേ അർത്ഥം വരുന്നതു. അവർ കമ്മാളർ എന്ന പേരിൽ അറിയപ്പെട്ടവരുന്നു, എന്നാൽ ഇപ്പോൾ വിശ്വകർമ്മ എന്നു വിളിക്കുവാൻ ആഗ്രഹിക്കുന്നു. എന്നല്ലേ അതിനർത്ഥം?

MR. PUTHUPALLI S. KRISNA PILLAI: മി: വേലുആചാരി ഇവിടെ വിവരിച്ചതു ശരിയല്ല. പക്ഷെ അതു മനഃപൂർവ്വമാണെന്നു ഞാൻ പറയുന്നില്ല. ഞാൻ ഈ പുസ്തകംതന്നെ എടുത്തു അദ്ദേഹത്തിന്റെ കൈയ്യിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു. എന്നിട്ടും അദ്ദേഹം ഇവിടെ പറഞ്ഞതുപോലെതന്നെയാണു വായിച്ചതു്. അതുകൊണ്ടാണു മനഃപൂർവ്വമല്ല എന്നു ഞാൻ പറഞ്ഞതു്. അദ്ദേഹം പറഞ്ഞു, സെൻസസ്സ് റിപ്പോർട്ടിൽ കമ്മാളരുടെ ഇനവിവരപ്പട്ടിക കൊടുത്തിരിക്കുന്നതിൽ കമ്മാളർ—വ ഠ വ, ർ ർ ഫ, തട്ടാൻ—ന വ, ഉ ദ ന, കല്ലാശാരി—ഫ ദ ഫ ഠ ൻ. ഇങ്ങനെ ഓരോരുത്തക്കും ഓരോ പേരാണു കൊടുത്തിരിക്കുന്നതെന്നു്. അതിൽനിന്നു മി. വേലുആചാരി വ്യാഖ്യാനിച്ചതു കമ്മാളർ കുറെ ആളുകൾ മാത്രമെ ഉള്ളു എന്നും കമ്മാളർ എന്ന പേർ മറ്റുള്ളവക്കാക്കും ഇല്ലെന്നും ആണു്. അങ്ങനെ തക്കിക്കാനാണു് അദ്ദേഹം ശ്രമിച്ചതു്.

സെൻസസ്സ് റിപ്പോർട്ടിൽ ഫ ദ ന്യ-ാം പുറത്തു കാണുന്നതു്:—കമ്മാളർ (വിശ്വകർമ്മ) വ ഠ വ, ർ ർ ഫ, ആശാരി ൻ ൻ ഠ ൻ ഫ, ചായക്കുപ്പു് വ ർ ൻ, ചെമ്പുതട്ടി ന ന്ന, കല്ലാശാരി ഫ ദ ഫ ഠ ൻ, ഇങ്ങനെ തൊഴിലനുസരിച്ചുള്ള പേർ തിരിച്ചു ഓരോരുത്തരുടേയും പ്രത്യേകം പേർ പറഞ്ഞാണു. അതെന്തുകൊണ്ടു വ ഠ ൻ, ഠ ന്യ വ—എന്നും കാണുന്നു. കമ്മാളർ—അതായതു, ഓരോ ഇനവിവരപ്പട്ടികപ്രകാരം പറഞ്ഞിരിക്കുന്നതുപ്പോടെ,—ഇതുയും എന്നു പറഞ്ഞതിനെ, കമ്മാളർ മാത്രം വ ഠ വ, ർ ർ ഫ എന്നു മി. വേലുആചാരി മനസ്സിലാക്കി. അതാണു പിശകു്. ഇവിടെ ഫ-ാം വാല്യത്തിൽ വ ന-ാം പുറത്തു ഇങ്ങനെ കാണുന്നു:—

MR. PADIYARA JOSEPH KUNJU : വിശ്വകർമ്മർ എന്നു ബ്രാക്കറ്റിൽ ഇടാൻ കാരണമെന്താണു്?

MR. PUTHUPALLY S. KRISHNA PILLAI: അങ്ങനെ ഇടാനുള്ള കാരണം പറഞ്ഞിരിക്കുന്നതു് ഇതാണു്.

PRESIDENT : Order, order. I do not know where we are. Mr. Velu Achari was about to speak when the Legal Remembrancer got up. I thought from the first opening remark it was a kind of personal explanation he was offering. But the personal explanation diverged into impersonal remarks. Now Mr. Joseph Kunju is asking for some historical information. So the first thing I would do is to ask Mr. Velu Achari to start.

MR. N. VELU ACHARI :— സർ, ഈ അമൻറുമെൻറ് മൂപ്പുറി അഭിപ്രായം പറയുവാൻ തുടങ്ങുമ്പോൾതന്നെ ബഹുമാനപ്പെട്ട ലീഗൽറി മെംബ്രൻസർ വാദിക്കുന്ന ഈബിൽ ഏതു സമുദായത്തെ ബാധിക്കുന്നുവൊ ആ സമുദായത്തിൻറെ അഭീഷ്ടത്തെ നിറവേറുന്നില്ലെന്നു ആദ്യമേതന്നെ പറയേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിലെ വിശ്വകർമ്മജരുടെ സംഖ്യയെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Velu Achari.]

ഒന്നായി ഗണിച്ചിരിക്കുകയും ഗവണ്മെൻറ് സെൻസസ്സ് റിപ്പോർട്ടിൽ വിശ്വകർമ്മ എന്ന പേര് അംഗീകരിച്ചിരിക്കുകയും ചെയ്തിരിക്കുന്ന നിലയ്ക്ക് ഈ ബില്ലിൻെറ നാമവും ആ രൂപത്തിൽ മാറുന്നതിൽ യാതൊരു അസാംഗത്യവും ഞാൻ കാണുന്നില്ല. സമുദായത്തിൻെറ പരിഷ്കാരേച്ഛ, വിദ്യാഭ്യാസം, കരകൌശലപ്രാമാണ്യത പൌരാണികശാസ്ത്രപാണ്ഡിത്യം ലോകഅറിവ് എന്നീകാരണങ്ങളാലും മറും ഞങ്ങളുടെ സമുദായത്തെ വിശ്വകർമ്മ എന്ന പേരിനാൽ അറിയപ്പെടണം എന്നുള്ള അഭിലാഷം ഞങ്ങൾക്കുണ്ടെന്നു അനേകശതവർഷങ്ങളായി മെമ്മോറിയലുകൾ, പ്രമേയങ്ങൾ, അപേക്ഷകൾ മുതലായവകൊണ്ടു ഗവണ്മെൻറിനെ അറിയിച്ചുതിൻെറ ഫലമായിട്ടാണു കമ്മാള എന്ന പദത്തിനു പിന്നിലായിട്ടെങ്കിലും വിശ്വകർമ്മ എന്നുകൂടി ചേർക്കുവാൻ ഗവണ്മെൻറ് തുനിഞ്ഞതു. അതുകൊണ്ട് ഇപ്പോൾ ഏകദേശം മൂന്നുലക്ഷത്തോളം വരുന്ന ഈ സമുദായത്തെ ബന്ധിക്കുന്ന ഈ ബില്ലിൻെറ നാമം അവരുടെ അഭീഷ്ടപ്രകാരംതന്നെ മാറണമെന്നാണു എനിക്കു പറയുവാനുള്ളതു്. മറു ബില്ലുകളെപ്പോലെ ഈ ബില്ലും സിലക്ട് കമ്മിറ്റിക്കു അയയ്ക്കുകയുണ്ടായി. അവർ തെളിവെടുക്കുകയും മറും ചെയ്തു. പക്ഷേ എൻെറ പാവപ്പെട്ട സമുദായത്തെ സംബന്ധിക്കുന്ന ഈ ബില്ലിനു് അവരുടെ ആഗ്രഹപ്രകാരമുള്ള ഭേദഗതികൾ ചെയ്യത്തക്ക യാതൊരു സൌകര്യവും കമ്മിറ്റിക്കാർ ചെയ്തിട്ടില്ല. നായർബിൽ, ഈഴവബിൽ, വെള്ളാളബിൽ, ക്ഷത്രിയബിൽ തുടങ്ങിയുള്ള ബില്ലുകളെല്ലാം ഈ സഭ പാസ്സാക്കിയിട്ടുണ്ടു്. ആ ബില്ലുകൾ ഇവിടെ വാദപ്രതിവാദത്തിനു വരുന്നതിനു മുമ്പു നാട്ടിൻെറ നാനാഭാഗങ്ങളിലും കമ്മിറ്റിക്കാർ സഞ്ചരിച്ചു അതാതു സമുദായാംഗങ്ങളുടെ യഥാർത്ഥമായ ആഗ്രഹമെന്താണെന്നു നേരിട്ടു മനസ്സിലാക്കി അതിനുവേണ്ട ഭേദഗതികൾ ചെയ്തിട്ടുമുണ്ടു്. എന്നാൽ ഈ ബില്ലിൻെറ കാര്യത്തിലാകട്ടെ നാട്ടിൻെറ നാനാഭാഗങ്ങളിലുമായി ചിതറിക്കിടക്കുന്ന സമുദായാംഗങ്ങളുടെ അഭിപ്രായം എന്താണെന്നുപോലും അറിയുവാൻ ശ്രമിച്ചിട്ടില്ല. അവരിൽ പലർക്കും ഇവിടെവന്നു മൊഴി കൊടുക്കുവാൻ സാധിച്ചിട്ടില്ല. സാമ്പത്തികക്ലേശമതനം നിമിത്തം അതിനുള്ള കെൽപ്പ് അവരിൽ പലർക്കും ഇല്ലതാനും. അതുകൊണ്ട് ഓരോ സ്ഥലങ്ങളിൽ യോഗങ്ങൾ കൂടി അവരുടെ അഭിപ്രായം എന്താണെന്നു കമ്മിറ്റിയേയും ഗവണ്മെൻറിനേയും മെമ്മോറിയലും പ്രമേയങ്ങളും മറും കൊണ്ടു ധരിപ്പിക്കുകയാണു ചെയ്തിട്ടുള്ളതു്. അങ്ങനെ ഒരു സമുദായം വളരെ ആഗ്രഹത്തോടുകൂടി, അവരുടെ ആത്മാഭിമാനവും

LIBRARY ARCHIVES Kerala Legislative Assembly

അഭിവൃദ്ധിയും ഇതിലാണെ സ്ഥിതിചെയ്യുന്നതു എന്നുള്ള ഉദ്ദേശത്തോടുകൂടി ബില്ലിന്റെ ഈ പേരുമാറ്റത്തെക്കുറിച്ചു് ഗവണ്മെന്റിനേയും ഈ സഭയെത്തന്നെയും അറിയിച്ചിട്ടുണ്ടു്. ഇപ്പോഴും അറിയിച്ചുകൊണ്ടിരിക്കുന്നു. ബില്ലിലെ മറ്റു ഭാഗങ്ങളെപ്പറ്റി അതു വാദത്തിനു വരുമ്പോൾ പറയാം. കമ്മാളർ എന്ന പദം വളരെ ശ്ലേഷമായ ഒന്നാണെന്നു സമുദായം മനസ്സിലാക്കിയിരിക്കുന്നു. മറ്റു ഗവണ്മെൻറുകളെല്ലാം വിശ്വകർമ്മ എന്ന പേരു് അംഗീകരിച്ചിട്ടുണ്ടു്. മദ്രാസ് പ്രസിഡൻസിയിൽ ഈ സമുദായത്തിൽ പത്തുലക്ഷം ജനങ്ങൾ ഉണ്ടു്. തമിഴ് സംസാരിക്കുന്നവരുണ്ടു്, മലയാളം സംസാരിക്കുന്നവരുണ്ടു്; കാനറീസ് സംസാരിക്കുന്നവരുണ്ടു്; തെലുങ്കു സംസാരിക്കുന്നവരുണ്ടു്. ദേശവ്യത്യാസവും ആചാരവ്യത്യാസവും അവക്കുണ്ടു്. ചിലർ മുൻകുടുമ വയ്ക്കുമ്പോൾ മറ്റു ചിലർ പിൻകുടുമ വയ്ക്കുന്നു. മിശ്രഭോജനമൊ മിശ്രവിവാഹമൊ തമ്മിൽതമ്മിൽ ഇല്ലാത്തവരും ഉണ്ടു്. എന്നിട്ടും മദ്രാസ് ഗവണ്മെൻറു് ഇവരെ ഒന്നാകെ വിശ്വകർമ്മ എന്നു വിളിക്കുന്നു. അതുപോലെ മൈസൂരിൽ പല ഭാഷകൾ സംസാരിക്കുന്നവരും വിഭിന്നആചാരങ്ങളും സംസ്കാരങ്ങളും ഉള്ളവരും ആണു് അവിടത്തെ കമ്മാളർ എങ്കിലും അവക്കു വിശ്വകർമ്മ എന്ന പേരു നടപ്പാക്കുന്നതിനു യാതൊരു മടിയും മൈസൂർ ഗവണ്മെൻറും അവിടത്തെ ജനങ്ങളും പ്രകടിപ്പിച്ചില്ല. കൊച്ചിയിലും രണ്ടു മൂന്നു വർഷങ്ങൾക്കുമുമ്പുതന്നെ വിശ്വകർമ്മർ എന്ന പേരു സ്വീകരിച്ചുകഴിഞ്ഞു. എന്നാൽ ഇവിടെ.....

MR. G. NILAKANTAN : കൊച്ചീഗവണ്മെൻറു് ഇപ്പോഴും അവരെ കമ്മാളർ എന്നല്ലേ വിളിക്കുന്നതു്?

MR. N. VELU ACHARI: അല്ല.

MR. G. NILAKANTAN : ഓരോ അസോസിയേഷനും കമ്മാളർ എന്ന പേരു കൂടി ചേർക്കുന്നില്ലേ?

MR. N. VELU ACHARI: കൊച്ചിയിൽ അവരെ വിശ്വകർമ്മാള എന്നും പറഞ്ഞേക്കാം.

MR. K. P KOCHUKORA THARAKAN അതു പേരു് ഇവിടെയും പറയാമോ?

MR. N. VELU ACHARI: ഒരിക്കലും പാടില്ല.

MR. A. K. KUMARAN VAIDYAN : വിശ്വകർമ്മാള എന്ന പേരു് സ്വീകരിക്കുന്നതിൽ മെമ്പർക്കു് എന്താണു വിരോധം?

MR. N. VELU ACHARI: അതു മണിപ്രവാളമാണു്. വിശ്വ സംസ്കൃതം, കർമ്മാള തമിഴ്. ഇപ്പോഴത്തെ വിഭാഗം ഇന്നതാണു എന്നു മദ്രാസ് പ്രസിഡൻസിയിൽ.....

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: Has the Madras Government permitted the community to call themselves "Viswabrahmans".

MR. N. VELU ACHARI : ഇപ്പോൾ വിളിക്കുന്നതു വിശ്വബ്രാഹ്മിൻ എന്നാണു. രണ്ടു വർഷത്തിനു മുമ്പുവരെ വിശ്വകർമ്മ എന്ന പേരു് പറഞ്ഞിരുന്നു. വിശ്വകർമ്മ എന്ന പേരു് സ്വീകരിച്ചതിനുശേഷം മദ്രാസ് അസംബ്ലിയിൽ ഉണ്ടായിരുന്ന ഒരു തമിഴ് വിശ്വകമ്മൻ ൻമ്മനുൽ ഒരു പ്രമേയം കൊണ്ടുചെന്നു. തമിഴും തെലുങ്കും സംസാരിക്കുന്നവരെ വിശ്വബ്രാഹ്മിൻ എന്ന പേരു് വിളിക്കണമെന്നും അവരുടെ പേരിനു മുമ്പും പിൻപും ബ്രഹ്മശ്രീ എന്നും അവർകൾ എന്നും ഉപയോഗിക്കണമെന്നുമായിരുന്ന ആ പ്രമേയം. അതു പാസായി. ഉടനെ ഗവണ്മെൻറ് അതു പരസ്യമായി അംഗീകരിക്കയും ചെയ്തു. അഡികം താമസിയാതെ പത്തുലക്ഷം വിശ്വകമ്മരിൽ അഞ്ചുലക്ഷത്തോളം വരുന്ന മലയാളം സംസാരിക്കുന്നവർ അവരുടെ പേരും വിശ്വബ്രാഹ്മിൻ എന്നാക്കണമെന്ന ഒരു അജിറ്റേഷൻ നടത്തി. ഫൻസസ്-ൽ വിശ്വബ്രാഹ്മിൻ എന്ന പേരു മലയാളജില്ലയിലെ വിശ്വകർമ്മജർ ഉപയോഗിക്കാൻ പാടില്ല എന്നു മദ്രാസ് കൌൺസിലിൽ ഒരു ചോദ്യത്തിനുത്തരം പറഞ്ഞു. അതു നിമിത്തം സമുദായത്തിൽ വലിയ തക്കവും ക്ഷോഭവും ഉണ്ടായി. അവരുടെ വാദം കേട്ടപ്പോൾ അവരേയും വിശ്വബ്രാഹ്മിൻ എന്ന പേരിനു ള്ളിൽത്തന്നെ സ്വീകരിക്കുന്നതിൽ വല്ല അഭിപ്രായവ്യത്യാസവും ഉണ്ടെങ്കിൽ അറിയിക്കണമെന്നു പറഞ്ഞു മറെറാരു കമ്മ്യൂണിക്കു് ഗവണ്മെൻറു പുറപ്പെടുവിച്ചു. ഈ കമ്മ്യൂണിക്കിനുശേഷം മദ്രാസ് പ്രസിഡൻസിയിൽ പല ഭാഗത്തും വലിയ വലിയ കാൺഫ്രൻസുകളും മറും ക്രുടി സമുദായം ഒന്നാണെന്നു കാണിച്ചു പല രേഖകളും അത്താറിട്ടിസഹിതം കോട്ടു ചെയ്തു ഗവണ്മെൻറിനെ അറിയിക്കുമുലം ഗവണ്മെൻറു് അയതു സ്വീകരിച്ചു. അതിനുശേഷമാണു മദ്രാസ ഗവണ്മെൻറു് വിശ്വകമ്മജരെ ഒന്നാകെ വിശ്വബ്രാഹ്മിൻ എന്ന പേരിൽ സ്വീകരിച്ചിരിക്കുന്നതു്.

MR. K. P. KOCHUKORA THARAKAN: ആ കമ്മ്യൂണിക് ഇപ്പോൾ കയ്യിലുണ്ടോ?

MR. N. VELU ACHARI: ഉണ്ടു്.

MR. A. K. KUMARAN VAIDYAN :വിശ്വബ്രാഹ്മിൻ എന്ന പേരു് വന്നതിനുശേഷം അവർക്കു ക്ഷേത്രപ്രവേശനം ഉണ്ടോ?

MR. N. VELU ACHARI: പേരിനുമുമ്പും തടഞ്ഞിട്ടില്ല—ക്ഷേത്രനിർമ്മാണം പോലും അവരിലാണു സ്ഥിതിചെയ്യുന്നതു്. ക്ഷേത്രപ്രവേശനം അവർ ആഗ്രഹിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. A. K. KUMARAN VAIDYAN : സാധാരണ ആശാരി, മൂശാരി, കന്നാൻ മുതലായവക്കു മധുര, രാമേശ്വരം, തിരുപ്പതി മുതലായ ക്ഷേത്രങ്ങളിൽ പ്രവേശനം ഉള്ളതായി കാണുന്നു. അങ്ങനെ ഇവക്കും ക്ഷേത്രപ്രവേശനം ഇല്ലേ എന്നാണു ഞാൻ ചോദിച്ചതു്.

MR. N. VELU ACHARI: ഉണ്ടു്. അവക്കു ക്ഷേത്രപ്രവേശനം ഇല്ലെന്നയാതൊരു റിക്കാർഡുകളും ഞങ്ങൾക്കുണ്ടെന്നും അറിയാൻ കഴിഞ്ഞിട്ടില്ല.

MR. P. KUNJUKRISHNAN : ഇവക്കു ക്ഷേത്രത്തിൽ പ്രവേശിക്കാൻ അനുഗ്രഹം ഇല്ലെന്നു പറഞ്ഞതു് എന്തുകൊണ്ടാണു്?

MR. N. VELU ACHARI : ഞങ്ങളുടെ പൂർവീകന്മാർ പറഞ്ഞുകേട്ടിട്ടുള്ളതു അങ്ങനെയാണു്. ആ നിലയിൽ മദ്രാസ് ഗവണ്മെൻറുപോലും ഈ പേരു് സ്വീകരിച്ചിരിക്കുന്നതുകൊണ്ടു തിരുവിതാംകൂറിലെ വിശ്വകർമ്മജരുടെ ആഗ്രഹവും ന്യായവും ന്യായമായിട്ടുള്ളതുതന്നെയാണെന്നുള്ളതു സ്പഷ്ടമാണു്.

MR. KOTTALIL P. ABRAHAM: തിരുവിതാംകൂറിലെ കർമ്മാളരിൽ അനേകം തന്നെ കമ്മാളർ എന്ന പദം ഉപയോഗിക്കുവാൻ ഇഷ്ടപ്പെടുന്നില്ലേ?

MR. N. VELU ACHARI: ഇല്ല. ഒരൊറ്റ സ്ഥാപനം പോലും ഞങ്ങളുടെ സമുദായത്തിന്റെ വകയായി ആ പേരിൽ അറിയപ്പെടുന്നില്ല. ഒറ്റ കാൺഫ്രൻസോ അല്ലെങ്കിൽ അസോസിയേഷനോ ആ നാമത്തിൽ നടന്നിട്ടും ഇല്ല. കമ്മാള, കാസാലിൻ, ലോഹാ, കമ്മിയർ എന്നും മറ്റുമുള്ള വ്യത്യാസം മദ്രാസിലും ഉണ്ടെങ്കിലും ആ വ്യത്യാസത്തെ ഗണിക്കാതെതന്നെ വിശ്വകർമ്മജരെ ഒരു പേരിൽ ഒന്നാകെ സ്വീകരിക്കുവാൻ അവിടത്തെ ഗവണ്മെൻറ് തയാറായതുപോലെ ഇവിടെയും ആ നാമം സ്വീകരിക്കേണ്ടതാണു്. കൊച്ചിയിലെ കാര്യവും ഞാൻ പറഞ്ഞു കഴിഞ്ഞു. ഗവണ്മെൻറുതന്നെ പറയുന്നു:

> "that this class of people all over the Presidency shall be designated in the Government records as Viswabrahmana. To this extent paragraph 4 of G. O. No. 14/7/Dvpt. dated 13th June 1938 shall stand modified."

ബഹുമാനപ്പെട്ട ദിവാൻ അദ്ധ്യക്ഷൻ അവർകൾതന്നെ കഴിഞ്ഞ മീറ്റിംഗിൽ ഈ പേരിനെപ്പറ്റിയുള്ള ഭേദഗതി അവതരിപ്പിച്ചപ്പോൾ പല നിഘണ്ടുക്കളും നോക്കുകയും ഒടുവിൽ ഇങ്ങനെ പറയുകയും ചെയ്തു.

'I have been consulting a few dictionaries and find that the word 'Karmakara' meaning blacksmith is defined as one of the progeny of Visvakarma."

PRESIDENT: I said Karmaraka.

LIBRARY ARCHIVES Kerala Legislative Assembly

MR. N. VELU ACHARI : No, sir, it is printed in the proceedings as "Karmakara"

അതുകൊണ്ടു സഭയുടെ ഏറ്റവും ഗമമായ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതുണ്ടെന്നു ഞാൻ പറയുന്നതിനോടു നിങ്ങളും യോജിക്കുമെന്നു വിശ്വസിക്കുന്നു. കർമ്മകാര എന്നു പറയുന്നതു (Blacksmith) വിശ്വകർമ്മരെ സംബന്ധിക്കുന്ന ഒരു തൊഴിലുകാരനെയാണു്. ഒരു തൊഴിലാളിമാത്രമാണു അയ്യാൾ. ഞങ്ങളുടെ പൂർവ്വികന്മാർ ഇതിനെ സംബന്ധിച്ചു ഓരോ കാര്യങ്ങളും പറഞ്ഞിട്ടുണ്ടു്. എന്നു മാത്രമല്ല വേദങ്ങളിലും പുരാണങ്ങളിലുമുണ്ടു്. അഞ്ചു പിരിവാണു വിശ്വകർമ്മക്കളുള്ളതു്. മനു, മയ, ത്വഷ്ടാ, ശില്പി, വിശ്വജ്ഞ എന്നിവരാണു അവർ, ഈ അഞ്ചു വിഭാഗക്കാരും യഥാക്രമം ഇരുമ്പു്, മരം, താമ്രം, കല്ലു്, സ്വർണ്ണം, എന്നിങ്ങനെയുള്ള പദാർത്ഥങ്ങൾകൊണ്ടു വേല ചെയ്യുന്നു. ഇതിനു ശാസ്ത്രവും ഉണ്ടു്. അതുപോലെതന്നെ പഞ്ചവേദങ്ങളും അവർ യഥാക്രമം സ്വീകരിക്കുന്നു.

PRESIDENT : The honourable member has dealt with Manu. Now he can go on with Maya.

MR. A. K. KUMARAN VAIDYAN : അമരകോശത്തിൽ കർമ്മകാരക എന്നു തുടങ്ങി ഏഴുപേരു കാണുന്നതു ഈ ആശാരിയുടെ പര്യായമായി ഗണിക്കാമൊ?

MR. N. VELU ACHARI: എന്നു വേണം വിചാരിക്കുവാൻ.

MR. G. NILAKANTAN : വിശ്വകർമ്മരെവിടാണു ജനിച്ചതു്?

MR. N VELU ACHARI: വിശ്വകർമ്മ ബ്രഹ്മാവിന്റെ പുത്രനാണെന്നും അദ്ദേഹം ഞങ്ങളുടെ കുലഗുരു ആണെന്നും ആണു വിശ്വസിച്ചുവരുന്നതു്.

MR. A. K. KUMARAN VAIDYAN : വിശ്വരൂപ, വിശ്വകർമ്മ എന്നെല്ലാം പറയുന്നതു ദൈവത്തെകുറിച്ചാകയാൽ ഈ ആശാരിമാർ ദൈവത്തിന്റെ സന്താനങ്ങൾ ആണെന്നു ഗണിക്കയല്ലെ നല്ലതു.

MR. N. VELU ACHARI : നിശ്ചയമായും അങ്ങനെയാണു് വേണ്ടതു. വിശ്വബ്രഹ്മ പുരാണത്തിൽ ഇതിനെപ്പറ്റി സവിസ്തരം പറഞ്ഞിട്ടുണ്ടു്.

ഏകദേശം മൂന്നു ലക്ഷത്തോളം ജനസംഖ്യ വരുന്ന ഞങ്ങളുടെ സമുദായത്തിന്റെ പ്രധാനസ്ഥാപനങ്ങളും, തൊഴിൽശാലകളും, വായനശാലകളും, കോവാപ്പറേറ്റീവു് സൊസൈറ്റികളും ഈ പേരിനാൽ അറിയപ്പെടുന്നു, ഗവണ്മെൻറിലേക്കു് അയച്ചിട്ടുള്ള റിക്കാർഡുകളിലും അതു കാണുന്നു. കമ്മാളബിൽ ആദ്യം വന്നപ്പോൾ ഈ സമുദായത്തിനു ബില്ലിന്റെ ആവശ്യമില്ലെന്നു് ൫൫൦൦൦ പേർ ഒപ്പിട്ട ഒരു മെമ്മോറിയൽ ഗവണ്മെൻറിൽ സമർപ്പിക്കയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

MR. G. NILAKANTAN : അതു് തിരുത്തിയാണു് ഇവിടെ ഹാജരാക്കീട്ടുള്ളതെന്നു് ഒരു മെംബർ സെലക്ട് കമ്മിറ്റിയിൽ മൊഴി കൊടുത്തിട്ടുള്ളതു വാസ്തവമാണോ ?

MR. N. VELU ACHARI : സെലക്ട് കമ്മിറ്റിയിൽ അങ്ങനെ ഒരാൾ പറയുകയും കമ്മിറ്റി എനിക്കു എഴുതുകയും ചെയ്തിരുന്നു. അതിനു മറുപടിയും കൊടുത്തു. ഈ ബിൽ അസംബ്ലിയിൽ സ്വീകരിക്കുന്നതിനു മുമ്പ് അതു പരസ്യം ആയപ്പോൾ വിശ്വകർമ്മസമുദായ അംഗങ്ങൾ മീറ്റിംഗുകൾകൂടി മെമ്മോറിയലുകൾ എഴുതി പാസാക്കി ഒപ്പുകൾ ശേഖരിക്കുവാൻ തുടങ്ങി. ആ ഒപ്പുകൾ ശേഖരിച്ചതു് ഗവണ്മെൻറിലേക്കു സമർപ്പിക്കുവാനായി നിശ്ചയിച്ചിരുന്ന അച്ചട്ടഫാറത്തിൽ ആയിരുന്നു. എന്നാൽ ഒപ്പുകൾ ശേഖരിച്ചു കഴിഞ്ഞപ്പോൾ ബിൽ അസംബ്ലിയിൽ വരികയും അസംബ്ലിയിൽ ഹാജരാക്കുവാൻവേണ്ടി അച്ചിട്ടഫാറത്തിൽ അസംബ്ലിപേരുമാത്രം തിരുത്തുക മാത്രംചെയ്തു. അല്ലാതെ മെമ്മോറിയലിന്റെ സാരാംശങ്ങളിൽ ഒന്നും മാറിയിട്ടില്ല. അതു് തെറ്റാണെന്നു ഞാൻ വിചാരിക്കുന്നുമില്ല.

MR. K. P. KOCHUKORA THARAKAN : മലയാള കമ്മാളരും തമിഴ് കമ്മാളരും തമ്മിൽകൂടി കഴിയുന്നില്ലേ?

MR. N. VELU ACHARI : സമുദായ സംഘങ്ങളിൽ കൂടുന്നുണ്ടു്. കല്ല്യാണം തമ്മിൽ സാധാരണ ഇല്ല. തമിഴും മലയാളവും സംസാരിക്കുന്നവരായി നായരും ഉണ്ടു്, ബ്രാഹ്മണരും ഉണ്ടു്, മറു സമുദായക്കാരുമുണ്ടു്. അവർ ഒരൊ ജാതി തമ്മിലും സാധാരണ കൂടിക്കഴിച്ചിൽ ഇല്ലെന്നുവന്നേക്കാം എന്നാൽ അതു് സമുദായം ഒന്നല്ലാത്തതു കൊണ്ടായിരിക്കണമെന്നില്ല.

MR. G. NILAKANTAN : പിന്നെന്തുകൊണ്ടാണു് കൂടിക്കഴിച്ചിൽ ഇല്ലാത്തതു്?

MR. N. VELU ACHARI : അതു് ഓരോ ആചാര വ്യത്യാസം കൊണ്ടായിരിക്കണം. പരിഷ്കാരത്തിലും ധനസ്ഥിതിയിലും ഉദ്യോഗത്തിലും ഉയർന്നുവന്നിട്ടുള്ള സമുദായങ്ങളിൽ പെട്ടവർതന്നെ പല ഭാഷയിലും ആചാരത്തിലും ഇരിക്കുന്നുണ്ടു്. പല ഭാഷകൾ സംസാരിക്കുന്നവരും ഉണ്ടു്. അവർ തമ്മിലും പാതി ഭോജനവും വിവാഹവും ഇല്ല. അതുപോലെ വിശ്വകർമ്മസമുദായത്തിലും ആ വ്യത്യാസം കണ്ടേക്കാം.

MR. G. NILAKANTAN : I rise to a point of order. Is the member permitted to repeat what has been said by him a hundred times already ?

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : Generally speaking, repetitions are deprecated. But it is very difficult to find out in a matter involving so much doctrinal and, what may be called super-mundane considerations the exact nature of the limitations.

MR N. VELU ACHARI : ഈ കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ടമെമ്പർ മി ഈ. സുബ്രഹ്മണ്യയ്യർ കഴിഞ്ഞ മീറ്റിംഗിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

MR K. G. GOVINDAN : I beg leave to move

PRESIDENT : You cannot interrupt the speaker.

MR. K. G. GOVINDAN : I beg leave to move that the consideration of this Bill be adjourned for two months pending the report of the Census Commissioner on the subject.

MR. KAINIKKARA M. PADMANABHA PILLAI : Sir, the motion is out of order.

PRESIDENT : Just now it is out of order.

Order, Order. How long will the hon'ble member take?

MR. N. VELU ACHARI : സർ ഞാൻ നാലു മിന്നിട്ടുകൊണ്ട് തീർത്തേക്കാം.

ബഹുമാനപ്പെട്ട മെംബറന്മാരോട് എനിക്കു വിനയംഗമമായ ഒരപേക്ഷയുണ്ട്. ഞാൻ ഈ നാട്ടിലെ സ്ഥിതിഗതികളും ഈ സമുദായത്തിന്റെ സ്ഥിതിഗതികളും ഇവരെ സംബന്ധിച്ചുള്ള റിക്കാർഡുകളും സഭയെ അറിയിച്ചുകഴിഞ്ഞു. ഒരു സമുദായത്തെ പൊതുവെ ബന്ധിക്കുന്ന ഒരു ബിൽ വരുമ്പോൾ അവരുടെ പേരു ആ ബില്ലിനോടുകൂടി ചേർത്തു വരുന്നതു സ്വാഭാവികമാണ്. ബഹുമാനപ്പെട്ട ലീഗൽറിമെംബ്രൻസർ സെലക്ട് കമ്മിറ്റി സ്വീകരിച്ച ഈ പേർ ഇപ്പോൾ എടുത്തുകളയണമെങ്കിൽ അതിനു വിനയം കാരണം ഉണ്ടാകണം എന്നു പറഞ്ഞു, അതുശരിയാണ്. ഗവണ്മെൻറുതന്നെ ഫ്രഷ് മാണ്ടു മുതൽക്കുള്ള സെൻസസ്സ് റിപ്പോർട്ടിൽ കമ്മാളർ ഫ്രഷ്നു, തട്ടാൻ ഫ്രഷ്ൻ, കന്നാൻ ഫ്രഷ്നു, കൊല്ലൻ ഫ്രഷ്ൻ, തച്ചൻ ഫ്രഷ്നു, ആശാരി ഫ്രഷ്നു, ചെമ്പുതട്ടി ഫ്രഷ്, ഇങ്ങനെ തൊഴിലിനെ ആസ്പദമാക്കി ഓരോ സംഖ്യ കൊടുക്കുകയും കമ്മാളൻ എന്നു ഫ്രഷ്നു പേക്കുമാത്രം ചേർത്തിരിക്കയും ചെയ്തിരിക്കുന്നു. അതുകൊണ്ടു കമ്മാളർ എന്ന പേർ ഞങ്ങളെ എല്ലാപേരേയും ബന്ധിക്കുന്നതല്ലാ എന്നു കാണുന്നതാണു.

MR. A. K. KUMARAN VAIDYAN : ചെമ്പുതട്ടികൾക്കും കമ്മാളർ എന്ന പേരാണോ ഉള്ളതു?

LIBRARY ARCHIVES Kerala Legislative Assembly

MR. N. VELU ACHARI : അതെ. കമ്മാളർ എന്ന പേർ മാറുചില ഭാഗത്തു എല്ലാവർക്കുംകൂടെ ചേർത്തു കാണുന്നു. ഇപ്പോഴത്തെ സെൻസസ്സ് റിപ്പോർട്ടിൽ "മലയാളം സംസാരിക്കുന്നവരും തമിഴ സംസാരിക്കുന്നവരും ആയ രണ്ടു വിഭാഗക്കാരും പൊതുവേ വിശ്വകർമ്മർ എന്ന പേരു ഉപയോഗിക്കുന്നു" എന്നു കാണുന്നു. കഴിഞ്ഞ സെൻസസ്സിൽതന്നെ, കമ്മാള അല്ലെങ്കിൽ വിശ്വകർമ്മ, എന്ന പേർ ഉപയോഗിച്ചിട്ടുണ്ടു്. അവരുടെ ആത്മാഭിമാനവും മറ്റും ഈ പേരിലാണു സ്ഥിതിചെയ്യുന്നതെന്നുള്ളതുകൊണ്ടു് എല്ലാ ഗവണ്മെൻറും ഈ പേർ തന്നെ ആണു് സ്വീകരിച്ചിട്ടുള്ളതു്. ഇപ്പോൾ ഈ ഗവണ്മെൻറും ആ പേർ സ്വീകരിച്ചിരിക്കുന്നു ലീഗൽറിമെംബ്രൻസർ പറഞ്ഞു, ഇതു് ഒരുഅനുദ്യോഗസ്ഥ ബിൽ ആണെങ്കിലുംഗവണ്മെൻറു ബില്ലായിട്ടുവേണം സ്വീകരിക്കുവാൻ എന്നു്. എനിക്കു അതിൽ സന്തോഷം തോന്നി. മറ്റു സാമുദായിക ബിൽ വരുമ്പോൾ അതിനെ ഒരു അനുദ്യോഗസ്ഥബില്ലായിട്ടതന്നെ ഗവണ്മെൻറു ഗണിക്കും. എന്നാൽ ഒരു ഉദ്യോഗസ്ഥബില്ലായിട്ടതന്നെ ഒരു ന്യൂനപക്ഷസമുദായമായ ഞങ്ങളുടെ ബില്ലിനെ പരിഗണിക്കുന്നു എന്നുള്ളതു് ഒരു വലിയ അനുഗ്രഹംതന്നെയാണു്. അതുകൊണ്ടു് ഗവണ്മെൻറും ഇവിടെയുള്ള ഓരോ പാർട്ടിയിലും പെട്ട ബഹുമാനപ്പെട്ട മെംബർമാരും ഞങ്ങളുടെ സമുദായത്തിൻറെ ഈ അനുഗ്രഹത്തെ നിറവേറ്റാൻ യഥാവിധി ശ്രമിക്കണമെന്നും അപ്രകാരം പാസ്സാക്കണമെന്നും അപേക്ഷിക്കുന്നു. അങ്ങനെ ചെയ്തില്ലെങ്കിൽ ഇവരുടെ മെമ്മോറിയലിൽ ഒപ്പിട്ടിരിക്കുന്ന ആളുകളെ ഇതിൽ നിന്നും മാറ്റിക്കിട്ടണം.

MR. KOTTALIL P. ABRAHAM : വിശ്വകർമ്മ അല്ലെങ്കിൽ കമ്മാള എന്നു് പേർ മാറുന്നതിൽ വിരോധമുണ്ടോ?

MR. N. VELU ACHARI : അതു് ഒരിക്കലും പാടില്ല. വിശ്വകർമ്മർ എന്ന പേരിലാണു് ഞങ്ങളെ അറിയുന്നതു്. കേഴ്വിക്കും മറ്റേപേർ സുഖമില്ലാ.

(At this stage the President left the Chair and the Deputy President occupied it.)

(Mr. Kochu Koratharakan stood up to speak.)

MR. KAINIKKARA M. PADMANABHA PILLAI : Sir, is the member entitled to speak now ? Is not the discussion over ?

DEPUTY PRESIDENT : No other member can speak hereafter on this motion.

Mr. Puthupalli Krishna Pillai, have you got anything to say ?

MR. PUTHUPALLY S. KRISHNA PILLAI : No, Sir.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: I will now put the amendment to the vote of the House.

The amendment was then put to vote and declared lost.

MR. N. VELU ACHARI: ഞാൻ പോൾ ആവശ്യപ്പെടുന്നു.

A poll was taken with the following result:—

AYES—11.

1 Mr. D. C. Joseph	6 Mr. P. Kunjukrishnan
2 Mr. Padiyara Joseph Kunju	7 Mr. P. V. Mathai Chemparathi
3 Mr. Joseph Vithayathil	8 Sahib Bahadur P. S. Muhamed
4 Mr. M. G. Kesava Pillai	9 Mr. M. Ramiah Pillai
5 Mr. Kaviyoor K. K. Kochu Kunju	10 Mr. N. Velu Achari
	11 Mr. G. Velu Pillai

NOES—21.

1 Sahib Bahadur V. Chandamiah	12 Rajyasevapravina M. K. Nilakanta Aiyar
2 Mr. M. L. D'Cruz	13 Mr. S. Sundararajan
3 Mr. S. Govinda Pillai	14 Mr. E. G. Salter
4 Mr. M. L. Janardhana Pillai	15 Mr. M. Ramachandra Rao
5 Mr. T. C. Kesava Pillai	16 Mr. P. J. Thomas
6 Mr. T. T. Kesavan Sastri	17 Mr. K. Madhava Kurup
7 Mr. A. K. Kumaran Vaidyan	18 Mr. A. Gopala Menon
8 Mr. R. Narayanan Nambootiri	19 Mr. Puthupalli S. Krishna Pillai
9 Mr. G. Nilakantan	20 Mr. K. R. Narayana Aiyar
10 Mr. Kainikkara M. Padmanabha Pillai	21 Mr. K. Sankaran
11 Mr. N. Ramakrishna Pillai	

NEUTRALS—9

1 Mr. Kottalil P. Abraham	5 Mr. K. P. Kochukora Tharakan
2 Mr. D. Francis	6 Mr. K. Kunju Panicker
3 Mr. Janardhanan Asari	7 Mr. Varkala K. Madhavan
4 Mr. Menatheri N. Kesava Panicker	8 Mr. K. R. Narayanan
	9 Mr. M. Sivathanu Pillai

The amendment was declared lost.

The question that Clause 1 stand part of the Bill was then put and carried. The Clause was added to the Bill.

Clauses 2 to 4.

The question that Clauses 2, 3 and 4 stand part of the Bill was then put and carried. The clauses were added to the Bill.

Clause 5.

MR. N. RAMAKRISHNA PILLAI: I move the following amendment.

In Clause 5, line 1, substitute "A" for "I" before the word "marriage" at the beginning of the line.

This is only to correct a printing mistake.

MR. G. NILAKANTAN: I second the amendment.

The amendment was put and carried.

The question that Clause 5 as amended stand part of the Bill was then put and carried.

LIBRARY ARCHIVES Kerala Legislative Assembly

Clause 6.

The question that Clause 6 stand part of the Bill was then put and carried. The Clause was added to the Bill.

Clause 7.

The question that Clause 7 stand part of the Bill was then put and carried. The Clause was added to the Bill.

Clause 8.

MR. N. RAMAKRISHNA PILLAI: I move the following amendment.

In Clause 8, line 3, for the word "Summonses" substitute the word "considering."

This is intended to correct the clerical mistake.

MR. G. NILAKANTAN: I second the amendment.

The amendment was accepted.

The question that Clause 8 stand part of the Bill was then put and carried. The Clause was added to the Bill.

Clause 9.

MR. N. RAMAKRISHNA PILLAI: I move the following amendment.

In Clause 9, second paragraph, line 1, for the word "Declares" substitute the word "Decrees."

MR. G. NILAKANTAN: I second the amendment.

The question that Clause 9 as amended stand part of the Bill was then put and carried. The Clause was added to the Bill.

Clauses 10 and 11.

The question that Clauses 10 and 11 stand part of the Bill was then put and carried. The Clauses were added to the Bill.

Clause 12.

MR. N. RAMAKRISHNA PILLAI: I move the following amendment:

In Clause 12, last line insert the word "of" before the word "the" at the beginning of that line.

MR. G. NILAKANTAN: I second the amendment.

The amendment was put and carried.

The question that Clause 12 as amended stand part of the Bill was then put and carried. The clause was added to the Bill.

Clauses 13 to 20.

The question that Clauses 13 to 20 stand part of the Bill was then put and carried. The Clauses were added to the Bill.

Clause 21.

MR. N. RAMAKRISHNA PILLAI: Sir, I move the following amendment.

In clause 21, line 5, for the word "descendant" substitute the word "descendants." That is purely a verbal amendment.

MR. G. NILAKANTAN: I second it.

The amendment was put and carried.

The question that the clause as amended do stand part of the Bill was put and carried.

The clause was added to the Bill.

Clauses 22 to 25.

The question that clauses 22 to 25 do stand part of the Bill was put and carried.

The clauses were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 26.

MR. N. RAMAKRISHNA PILLAI: Sir, I move that in clause 26, line 3, for the word "descendant" substitute the word "descendants."

MR. G. NILAKANTAN: I second it.

The amendment was put and carried.

The question that the clause as amended do stand part of the Bill was put and carried.

The clause was added to the Bill.

Clause 27.

The question that Clause 27 do stand part of the Bill was put and carried.

The clause was added to the Bill.

Clause 28.

MR. N. RAMAKRISHNA PILLAI. Sir, I move that "in clause 28, line 2, for the words "Section 21 or 24" substitute the words "Sections 21, 23 or 24."

MR. G. NILAKANTAN: I second it.

The amendment was put and carried.

The question that the clause as amended do stand part of the Bill was put and carried.

The clause was added to the Bill,

Clauses 29 to 35.

The question that Clauses 29 to 35 do stand part of the Bill was put and carried.

The clauses were added to the Bill.

Clause 36.

MR. N. RAMAKRISHNA PILLAI: Sir, I move that in clause 39, line 2, for the word "persons" at the end of that line, substitute the word "person."

MR. G. NILAKANTAN: I second it.

The amendment was put and carried.

The question that the clause as amended do stand part of the Bill was put and carried.

The clause was added to the Bill.

Clauses 37 to 39.

The question that Clauses 37 to 39 do stand part of the Bill was put and carried.

The clauses were added to the Bill.

Clause 40.

MR. N. RAMAKRISHNA PILLAI: Sir, I move that in Clause 40, line 2, for the word "customs" at the end of that line, substitute the word "custom" and in line 4 for the word "customs" substitute the word "custom."

MR. G. NILAKANTAN: I second it.

The amendment was put and carried.

MR. N. VELU ACHARI: Sir, I move that the following may be added to the Bill as the last clause:—

"41 (*a*) Our Government may, by notification in the Government Gazette, exempt any family in Travancore from the operation of the Act on application made in that behalf within one year of the passing of the Act,' and

LIBRARY ARCHIVES Kerala Legislative Assembly

(*b*) Our Government may, by such notification in the Government Gazette, revoke any exemption granted under clause (*a*) on application made in that behalf by any such family in Travancore."

MR. N. VELU ACHARI : സർ, ഇതു് സഭയിൽ അവതരിപ്പിച്ചു കൊണ്ടു് എനിക്കു പറയേണ്ടതായ അഭിപ്രായം ഞാൻ വിനയപുരസ്സരം പറഞ്ഞുകൊള്ളുന്നു. ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന വകുപ്പുകൾ പാസായിട്ടുള്ളിടത്തോളം ഞങ്ങളുടെ സമുദായം ആഗ്രഹിക്കുന്നതുപോലെ അല്ല. ഈ ബില്ലിനെപ്പറ്റി അത്രമാത്രം ഞാൻ മനസ്സു വയ്ക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ടു്; അതുകൊണ്ടു് ഈ നിയമം ഇതുപോലെ പാസാക്കുന്നപക്ഷം ഇതിൽ ഉൾപ്പെട്ടുന്നതിനു് സമ്മതമില്ലാത്ത പലരും ഇവിടെയുണ്ടായേക്കാം. ഈ ബിൽ പാസാക്കുന്നപക്ഷം ഒരാൾ പറയുന്നു, ഞാൻതമിഴ് കമ്മാളനാണു്, അതുകൊണ്ടു ഈ ബിൽ എന്നെ ബാധിക്കുകയില്ലാ എന്നു്, മറെറാരാൾ പറയുന്നു, ഞാൻ മലയാളം സംസാരിക്കുന്ന കമ്മാളനാണെങ്കിലും മിതാക്ഷരാ ലാ അവലംബിയും സാമുദായികമായൊ നിയമപരമായൊ മറേറാ യാതൊരു തെറുകൾക്കും ഇടകൊടുക്കാതെ ജീവിക്കുന്നവനും ആണു്. അതുകൊണ്ടു ഈ ബിൽ എന്നെ ബന്ധിക്കുന്നതല്ല. എന്നിങ്ങനെ പലരും പല വാദങ്ങൾ കൊണ്ടുവന്നു് പല കേസുകൾക്കും വഴക്കുകൾക്കും ഇടനൽകും. അതിനാൽ ഈ ബില്ലിനു സമ്മതമില്ലാത്തവരെക്കൂടി ഇതിൽനിന്നും ഒഴിവാക്കേണ്ടതാണു്. ഇതുപോലുള്ള ഒഴിവാക്കൽ മറു നിയമങ്ങളിൽ ഉള്ളതും ആണു്. അതുകൊണ്ടു ഈ ഭേദഗതിക്കൂടി സ്വീകരിക്കണം. ഇല്ലെങ്കിൽ ഗവണ്മെൻറിനും സമുദായത്തിനും ഇനിയും പല ചെലവുകൾ ഉണ്ടാകും. അതില്ലാതാക്കുവാൻ വേണ്ടിയെങ്കിലും ഈ ബില്ലിൽ ഇങ്ങനെ ഒരു വകുപ്പുകൂടി ചേർത്തു ഉപയോഗപ്പെട്ട സമുദായത്തിന്റെ അഭിമാനത്തെയും ആഗ്രഹത്തെയും നിലനിറുത്തണമെന്നപേക്ഷിക്കുന്നു.

MR. PUTHUPALLY S. KRISHNA PILLAI : മെംബർ ഉദ്ദേശിക്കുന്ന വഴക്കു് ഏതുതരത്തിലുള്ളതാണു്?

MR. N. VELU ACHARI : മിതാക്ഷര ലാ പ്രകാരം ജീവിക്കുന്ന ഒരു കുടുംബത്തിൽ ഈ ബിൽ പ്രകാരം സ്ത്രീധനത്തിനുവേണ്ടി ഒരാൾ വാദിക്കുന്നു. അപ്പോൾ താൻ ബില്ലിൽ പെട്ടവനല്ലെന്നും അതുകൊണ്ടു പരിഹാരം ചെയ്യാൻ നിവൃത്തി ഇല്ലെന്നും പറയും. ഒടുവിൽ അതു കേസിലും വഴക്കിലും കലാശിക്കുകയല്ലാതെ ഗത്യന്തരമുണ്ടൊ ?

MR. G. NILAKANTAN : മാ. വേലുആചാരിക്കുതന്നെ തമിഴ കമ്മാളനെന്നു പറഞ്ഞു സ്ഥാപിക്കുവാൻ കഴിയുമൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. VELU ACHARI : എന്റെ അപ്പൂപ്പൻ അതു സ്ഥാപിക്കുവാൻ കഴിഞ്ഞു. അതുകൊണ്ടു് നിശ്ചയമായുംഎനിക്കും സ്ഥാപിക്കുവാൻ കഴിയും.

MR. G. NILAKANTAN : മി. വേലുആചാരിയുടെ അച്ഛൻതന്നെ സിലക്ററു കമ്മിററിയിൽ താൻ മലയാള കമ്മാളനാണെന്നു മൊഴി കൊടുത്തിട്ടില്ലെ?

MR. N. VELU ACHARI : ഛേ, അസംബന്ധം, എന്റെ പിതാവു് വളരെകാലത്തിനു മുമ്പുമരിച്ചുപോയി.

DEPUTY PRESIDENT : The questian is not allowed.

DEPUTY PRESIDENT : Is it seconded?

MR. P S. MAHOMED ; I second it.

MR. N. RAMAKRISHNA PILLAI : Sir, I oppose the amendment. Mr. Velu Achari seeks permission to get exemption from the whole Act and not from any particular provision in the Act. He wants whole families and individuals to be allowed to get exemption from the whole Act. Such a claim is opposed to the fundamental principles of legislation. I need hardly remind the House that this Bill was drafted and introduced years ago and it took its final shape in the Select Committee after the examination of a number of witnesses and an enquiry into the customs followed by the community. It was only after an elaborate examination of the whole question and after ascertaining the views of the community that the committee came to a unanimous conclusion in regard to these matters. So we have to take it that this Act has the support of the vast majority of the community.

MR. N. VELU ACHARI : ബഹുമാനപ്പെട്ട മെമ്പർ മലയാളത്തിൽ സംസാരിച്ചാൽകൊള്ളാം.

MR. N. RAMAKRISHNA PILLAI : മി. വേലുആചാരി ഇപ്പോൾ ആവശ്യപ്പെട്ടതു നിയമത്തിന്റെ ഏതാനും വകുപ്പുകളിൽനിന്നോ, അല്ലെങ്കിൽ ഭാഗങ്ങളിൽ നിന്നോ ഏതാനും കുടുംബങ്ങളെ ഒഴിവാക്കി നിറുത്തണമെന്നല്ല. ഈനിയമംതന്നെ അവർക്കുബാധകമാകാൻ പാടില്ലെന്നാണു് പറയുന്നതു്. അതു ലജിസ്ലേഷന്റെ മൂലതത്വത്തിനു തീരെ വിരോധമായിട്ടുള്ളതാണെന്നാണു് എന്റെ അഭിപ്രായം.

MR. N. VALU ACHARI : നായർ റഗുലേഷനിലും ഈഴവ റഗുലേഷനിലും.... ...

MR. N RAMAKRISHNA PILLAI: ഞാൻ ഇരിക്കാൻ തയാറില്ല.

MR. N. VELU ACHARI : സർ, ഒരു പായിൻറ് ഓഫ് ആർഡർ. സാധാരണയായി ഞാൻ ധരിച്ചിട്ടുള്ളതു് ഒരാൾ ഒരു ചോദ്യം ചോദിക്കാൻ എഴുനേറ്റുകഴിഞ്ഞാൽ പ്രസിഡൻറവർകൾ മറെറ ആളിനോടു് ഇരിക്കാനാവശ്യപ്പെട്ടതായിട്ടാണു് കണ്ടിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT :What is the point of order?

MR. N. VELU ACHARI : ഇപ്പോൾ അദ്ദേഹം പറയുന്നു, "ഞാൻ ഇരിക്കാൻ തയാറില്ലാ എന്നു"

DEPUTY PRESIDEHT : He is perfectly at liberty to answer or not to answer. You cannot question his action. Mr. Ramakrishna Pillai will now proceed.

MR. M. SIVATHANU PILLAI : On a point of order Sir. I wish to know whether the honourable member can speak on this subject.

DEPUTY PRESIDENT: He is at perfect liberty to speak on the subject if it is on a consideration of relevancy.

MR. N RAMAKRISHNA PILLAI : എനിക്കു അങ്ങിനെ പറയാൻ അവകാശമുള്ളതുകൊണ്ടു് ഞാൻ പറഞ്ഞു. നായർ റഗുലേഷൻ, ഈഴവ റഗുലേഷൻ, ക്ഷത്രിയ റഗുലേഷൻ ഇങ്ങനെ അനേകം സാമുദായിക ബില്ലുകൾ ഈ അസംബ്ലിയിൽ പാസായിട്ടുണ്ടു്. അതിലൊന്നിലും തന്നെ ഇന്നാർക്കെല്ലാം ആക്ട് തീരെ സംബന്ധിക്കുന്നതല്ല എന്നുള്ള വ്യത്യാസമൊന്നും ഉണ്ടായിട്ടില്ല. നായർ റഗുലേഷൻ എടുത്താൽ ചില ഭാഗവ്യവസ്ഥകളെ സംബന്ധിച്ചു് അംഗങ്ങൾക്കൊ കുടുംബങ്ങൾക്കൊ നിയമത്തിൽ നിന്നും ഒഴിയാമെന്ന വ്യവസ്ഥചെയ്തിട്ടുണ്ടു് ക്ഷത്രിയ ബില്ലിലും വേണമെന്നുള്ളവർക്കു ഭാഗവ്യവസ്ഥയിൽ നിന്നുംഒഴിയാമെന്ന വ്യവസ്ഥയുണ്ടു്. അതു പോലെയുള്ള ഒരു വ്യവസ്ഥ ഈഴവ റഗുലേഷനിലും ഉണ്ടു്.

MR. N. VELU ACHARI : എനിക്കു ഒരു ചോദ്യം.

DEPUTY PRESIDENT : Mr. Velu Achari will resume his seat. Mr. Ramakrishna Pillai is not prepared to yield his place.

MR. T. C. KESAVA PILLAI : നായർ റഗുലേഷൻ, ഈഴവ റഗുലേഷൻ മുതലായ റഗുലേഷനുകളിൽ ഇപ്രകാരം വേണമെന്നുള്ളവർക്കു ഒഴിയാമെന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്കു് ഈ ബില്ലിൽമാത്രം അങ്ങിനെ ഒരു വ്യവസ്ഥചെയ്യാൻ പാടില്ലെന്നു പറയുന്നതു എന്തു കൊണ്ടാണു്?

MR. N. RAMAKRISHNA PILLAI : ആ റഗുലേഷന്റെ ഏതാനും വ്യവസ്ഥകളിൽ നിന്നു മാത്രം ഒഴിവാക്കുകയാണു് അതിൽ ചെയ്തിരിക്കുന്നതു്. എന്നാൽ മി. വേലു ആചാരി ആവശ്യപ്പെടുന്നതു ഈ ബില്ലിൽനിന്നും തന്നെ ഏതാനുംപേരെ ഒഴിവാക്കണമെന്നാണു്. ഒരു ബില്ലുണ്ടാക്കിയിട്ടു ഏതാനും ആളുകൾ അതിൽ ചേരണ്ടാ, ഏതാനുംപേരെ അതിൽനിന്നും ഒഴിവാക്കിയിരിക്കുന്നു എന്നു പറയുന്നതു് ഒരു നിയമത്തിനും ശരിയായിട്ടുള്ളതല്ല. അതു് ലജിസ്ലേഷന്റെ തത്വത്തിനു വിപരീതമായിട്ടുള്ളതാണു്. ഒരു നിയമവും എല്ലാവരും സമ്മതിച്ചിട്ടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Ramakrishna Pillai.]

പാസാക്കുവാൻ സാധിക്കുന്നതല്ല ഭൂരിപക്ഷാഭിപ്രായപ്രകാരമാണ് ഏതു നിയമവും പാസാകുന്നതു്: ന്യൂനപക്ഷക്കാരു് അതിനെ അനുസരിക്കണം. അല്ലാതെ ആ നിയമത്തെ, ഞങ്ങൾക്കു, അനുസരിക്കുവാൻ ഭാഗമില്ലാ, ഞങ്ങളെ അതിൽനിന്നും ഒഴിവാക്കണം എന്നുള്ള അഭിപ്രായം ഒരിക്കലും ആദരണീയമല്ല. അതു് അനുവദിക്കത്തക്കതുമല്ല. അതു കൊണ്ടു് ഏതാനുംപേരെ ഈ ആക്ടിൽനിന്നും ഒഴിവാക്കണമെന്നുള്ള വ്യവസ്ഥ സ്വീകാര്യമല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. മി. വേലു ആചാരിയുടെ തർക്കത്തിന്റെ കാഠിന്യം ആലോചിക്കുമ്പോൾ അനേകം ആളുകൾ ഈ ബില്ലിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതായി നിൽപ്പുണ്ടെന്നു തോന്നിപ്പോകും.

MR. M. SIVATHANU PILLAI : മി. വേലുആചാരിയുടെ ചോദ്യത്തിനു ഉത്തരം പറയാൻ തയാറില്ലെങ്കിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തെപ്പറ്റി വിമർശനം നടത്താമൊ?

N. RAMAKRISHNA PILLAI : ഞാൻ മി. ആചാരിയുടെ അഭിപ്രായത്തെപ്പറ്റി പറയുകയാണ് ചെയ്തതു്. അല്ലാതെ ചോദ്യത്തെപ്പറ്റിയല്ല ഒരു പക്ഷെ, വല്ല പ്രേരണകൊണ്ടോ മനോധൈര്യക്കുറവുകൊണ്ടോ കൂടുതൽ ആളുകൾ ഒഴിവാക്കുന്നതിനായുള്ള അപേക്ഷകൾ അയച്ചു എന്നു വരാം. അങ്ങനെ വരുന്നതു നിയമഭംഗത്തിനു് ഒരു പ്രോത്സാഹനമാണ്. അതിനാൽ പ്രബലമായ ഒരു കക്ഷി ഇതിനെതിരായിട്ടുണ്ടെന്നു കാണുന്ന പക്ഷം പിന്നീടു് അവരുടെ ആവശ്യപ്രകാരം വല്ല ഭേദഗതികളും കൊണ്ടുവരാമെന്നല്ലാതെ ഈ ആക്ടിനു പാടെ വേണ്ടെന്നു പറയാൻ പാടില്ല. ഈ ഒരു കാരണം കൊണ്ടു തന്നെ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

MR. K. KUNJU PANIKAR : സർ, മി. വേലുആചാരിയുടെ ഈ ഭേദഗതിയെ എതിർക്കേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. ഈ ആക്ടിൽ നിന്നും ഒരു അപേക്ഷയിന്മേൽ ഒരു കുടുംബത്തെ മുഴുവൻ ഒഴിവാക്കണമെന്നാണ് ഭേദഗതി. ഈഴവ റഗുലേഷനിൽ ഇതുപോലെയുള്ള ഒരു വകുപ്പുണ്ടു്. ഒരു കുടുംബത്തിലെ പ്രായപൂർത്തിയുള്ളവരുടെ ഭൂരിപക്ഷ അപേക്ഷപ്രകാരം ആ കുടുംബത്തെ ഭാഗവ്യവസ്ഥയിൽ നിന്നും ഒഴിവാക്കാമെന്നുള്ളതാണ് ആ വകുപ്പു്. യാതൊരു സംശയത്തിനും ഇടവരാതിരിക്കത്തവണ്ണം ആ വ്യവസ്ഥ അതു വ്യക്തമാണ്. ഇവിടെ എങ്ങിനെ ഒഴിവാക്കണം എല്ലാവരുംകൂടി അപേക്ഷിച്ചാൽ ഒഴിവാക്കണമൊ, അല്ലെങ്കിൽ കുടുംബമൂപ്പൻ അപേക്ഷിച്ചാൽ ഒഴിവാക്കണമൊ

LIBRARY ARCHIVES Kerala Legislative Assembly

എന്നൊന്നും പറയുന്നില്ല. പൊതുവെ സമുദായത്തിനത്യാവശ്യമായ പല ഭാഗം പറഞ്ഞിട്ടുണ്ട്. അതിൽ ഇന്ന വിഭാഗം പ്രത്യേകം സമുദായത്തിനു ദോഷകരമാണെ എന്നു പറഞ്ഞാൽ ആ ഭാഗം കേറ്റംക്കേണ്ടതാണ്. ബില്ലിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചു സമുദായത്തിന്റെ പരമ്പരാഗതമായിരിക്കുന്ന ആചാരത്തിനൊ നടപടിക്രമക്കൊ വിരുദ്ധമാണതെന്നു വരുന്നപക്ഷം തൽക്കാലം ഏതെങ്കിലും കുടുംബത്തിലുള്ള ഭൂരിപക്ഷക്കാരുടെ അഭിപ്രായമനുസരിച്ചു അവരെ അതിൽനിന്നും ഒഴിവാക്കണമെന്നു പറഞ്ഞാലും അനുസരിക്കേണ്ടതാണ്. പൊതുവെ ഈ ബില്ലിന്റെ വ്യാപ്തിയിൽനിന്നും കുടുംബത്തെ ഒഴിവാക്കണമെന്നു പറഞ്ഞാൽ അതു സകല നിയമനിബന്ധനകർത്തക്കും എതിരായ ഒരു തത്വമായിരിക്കും.

MR. N. VELU ACHARI : ഒരു കുടുംബത്തിലെ എല്ലാവരും അപേക്ഷിച്ചൊ അല്ലെങ്കിൽ മൂപ്പൻമാത്രം അപേക്ഷിച്ചൊ ഇങ്ങനെ രണ്ടുതരത്തിലും ആകാമെന്നൊ? ആ തത്വത്തിലാണ് ഞാൻ ഭേദഗതികൊണ്ടുവന്നിട്ടുള്ളതു്.

MR. K. KUNJU PANIKKAR : അങ്ങിനെയുള്ള ഒരു ഭേദഗതി ഇവിടെയില്ല.

MR. M. SIVATHANU PILLAI : മൂപ്പനും മറ്റുള്ളവരും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിലൊ?

MR. K. KUNJU PANIKKAR ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയെപ്പറ്റിയാണ് ഞാൻ പറയുന്നതു. അതിൽനിന്നു ഇതൊന്നും മനസ്സിലാക്കാൻ സാധിക്കുന്നില്ല.

MR. M. SIVATHANU PILLAI : കമ്മാളബിൽ എന്ന പേരിൽ ഈ ബിൽ കൊണ്ടുവരാൻ ആ സമുദായത്തിനു ഇഷ്ടമില്ലെന്നു തെളിവാകുന്നില്ലെ?

MR. K. KUNJU PANIKKAR : മി. വേലുആചാരിക്കു ഇഷ്ടമില്ലെന്നു തെളിഞ്ഞിട്ടുണ്ടു.

MR. N. VELU ACHARI : മുപ്പത്തയ്യായിരം പേർ ഒപ്പിട്ട ഒരു മെമ്മോറിയൽ അയച്ചിട്ടുള്ള വിവരം മെംബർക്കറിയാമൊ?

MR. K. KUNJU PANIKKAR അതിന്റെ നിജസ്ഥിതിയെപ്പറ്റി എനിക്കു നല്ല നിശ്ചയമില്ല.

MR. KOTTALIL P. ABRAHAM ; കുടുംബം എന്നു പറഞ്ഞാൽ എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

MR. K. KUNJU PANIKKAR : അച്ഛനമ്മമാരും അവരുടെ സന്താനങ്ങളും ഉൾപ്പെട്ട കുടുംബം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിൽ കുഞ്ഞുങ്ങളും കാണും പ്രായപൂർത്തിവന്നിട്ടുള്ളവരും കാണും. മുപ്പന്ന വേണമെങ്കിൽ മിതാക്ഷരലാപ്രകാരം ഒരു കുടുംബമായിരിക്കാൻ കഴിയും. അതുകൊണ്ട് കുടുംബത്തെ ഒഴിവാക്കണമെന്ന ഭൂരിപക്ഷത്തിന് വിപരീതമായി ഒരു മുപ്പൽ ഒരു കിറാമുട്ട വലിച്ചു അഭിവൃദ്ധിമാർഗ്ഗത്തിൽ ഇട്ടാൽ മി. വേലുആചാരിക്കുതന്നെ അതുകൊണ്ട് ഉപയോഗമുണ്ടാകുമെന്ന തോന്നുന്നില്ല. അഥവാ ഏതെങ്കിലും തരത്തിൽ ഒരു വ്യവസ്ഥ വേണമെന്നുണ്ടെങ്കിൽ ഇപ്പോൾ സമയം കളയാതെ നായർ റഗുലേഷനിലൊ, ഈഴവ റഗുലേഷനിലൊ ഉള്ളതുപോലെ ഇതു പാസായതിനുശേഷം പിന്നീട് ഒരു ഭേദഗതികൊണ്ടു വരികയായിരിക്കും നല്ലത്.

MR. N. VELU ACHARI : ഈ ഭേദഗതിയിൽ ഗവണ്മെൻറ് ഒഴിവാക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഗവണ്മെൻറിനോട് അപേക്ഷിക്കും, ഗവണ്മെൻറ് വേണ്ട അന്വേഷണം നടത്താതെ അതു ചെയ്യുകയില്ല. അതുകൊണ്ട് ഒഴിവാക്കുന്നകാര്യത്തെപ്പറ്റി ഗവണ്മെൻറ് ആലോചിക്കും. ഇവിടെ പാസായിട്ടുള്ള മറ്റു ബില്ലുകളിലും ഇതു പോലെയാണ പറഞ്ഞിട്ടുള്ളതു.

MR. K. KUNJU PANIKKAR : ഞാൻ വിശദമായിട്ട ഈഴവ റഗുലേഷന്റെ കാര്യം പറഞ്ഞു. പ്രായപൂർത്തിയുള്ളവരിൽ ഭൂരിപക്ഷം ചേർന്ന് അപേക്ഷിച്ചാൽ ഭാഗത്തിൽ നിന്ന കുടുംബം ഒഴിവാക്കാമെന്ന അതിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ ഭേദഗതിയിൽ അതൊന്നും പറയുന്നില്ല. ഈ ഭേദഗതി അയച്ച മി. വേലുആചാരിയുടെ ഉദ്ദേശം തന്നെ പ്രായപൂർത്തിയുള്ളവരുടെ അഭിപ്രായം ഗണിക്കുന്നതായിട്ടായിരിക്കാം. വ്യക്തമായ നിലയിൽ അടുത്ത അസംബ്ലിയിൽ ഒരു ഭേദഗതികൊണ്ടുവരുന്നതിന വിഷമമില്ലല്ലൊ. ഇപ്പോൾ വന്നിരിക്കുന്ന ഭേദഗതി എല്ലാ സാമുദായിക ബില്ലിലും അംഗീകരിച്ചിരിക്കുന്ന തത്വത്തിന എതിരായിട്ടുള്ളതാണ്. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

MR. PADIYARA JOSEPH KUNJU : സർ, ഒരു അസംബ്ലി സാമാജികന് ഒരു പ്രമേയമൊ ഭേദഗതിയൊ എത്രമേൽ ശക്തിമത്തായി പിൻതാങ്ങാമൊ അത്രമേൽ ശക്തിമത്തായി ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു. എന്റെ മനസാക്ഷിപ്രകാരം വളരെ ന്യായസംയുക്ത

LIBRARY ARCHIVES Kerala Legislative Assembly

മെന്ന എനിക്കു തോന്നിയ പല കാര്യങ്ങളെപ്പറ്റി ഞാൻ ഈ ബില്ലിനെസംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ഭാഗ്യവശാലൊ നിർഭ്യാഗ്യവശാലൊ, അവയെല്ലാം മി. വേലുആചാരിക്കു അനുകൂലവുമായിരുന്നു. ഏതായാലും പ്രസംഗചാതുര്യമില്ലാത്തതു കൊണ്ടൊ എന്തൊ ഞങ്ങളുടെ ഭേദഗതികളെയെല്ലാം തള്ളുകയാണു ചെയ്തത്. ഞങ്ങളുടെ ഈ പരാജയം സമ്മതിച്ചുകൊണ്ടുതന്നെ ഞങ്ങൾ പറയുന്നതു മറെറാന്നാണ്. നായർ സമുദായത്തിനു ഇങ്ങനെ ഒരു അപേക്ഷകൊടുത്തു ബില്ലിൽ നിന്നും മാറുന്നതിനു അവകാശമുണ്ട്.

MR. KAINIKKARA PADMANABHA PILLAI : ഏതെങ്കിലും നായർക്കു നായർ റഗുലേഷനിൽനിന്നും മാറുന്നതിനു അവകാശമുണ്ടൊ?

MR. PADIYARA JOSEPH KUNJU : കുറെയൊക്കെ ഒഴിഞ്ഞു നിൽക്കാം.

MR. M. SIVARAMA PILLAI, നായർ റഗുലേഷനിൽനിന്നും മുഴുവൻമായി മാറുന്നതിനു അവകാശമുണ്ടൊ?

MR. PADIYARA JOSEPH KUNJU : ഉണ്ടെന്നാണ് ഞാൻ ധരിച്ചിട്ടുള്ളതു്. ഞാൻ ഒരു നിയമപണ്ഡിതനല്ല.

MR. P. S. MUHAMED : നായർ റഗുലേഷൻ, ഈഴവ റഗുലേഷൻ എന്നീ പേരുകാരം ഇഷ്ടമില്ലാത്തവർ കാണുമൊ?

MR. PADIYARA JOSEPH KUNJU : പേരിന്റെ കാര്യമല്ലാ ഞാൻ പറഞ്ഞതു്. റഗുലേഷൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ അതിൽനിന്നും ഒഴിയുന്നതിനുള്ള അവകാശം എല്ലാവർക്കും കൊടുത്തിട്ടുണ്ടൊ?

MR. KAINIKKARA PADMANABHA PILLAI : അങ്ങിനെ അവകാശം കൊടുത്തിട്ടുള്ളതായി ഇതുവരെ ഉണ്ടായിട്ടുള്ള സാമുദായിക നിയമങ്ങളിൽനിന്നും ഒരൊററ ഉദാഹരണം പറയാമൊ?

MR. PADIYARA JOSEPH KUNJU : അങ്ങിനെ വ്യവസ്ഥയുണ്ടെന്നാണ് ഞാൻ ധരിച്ചുവരിക്കുന്നതു്. എന്റെ അറിവു തെറ്റായിരിക്കാം. അതുകൊണ്ടു് ഭൂരിപക്ഷം അംഗങ്ങളെങ്കിലും ആവശ്യപ്പെടുന്നതുപോലെ ഈ നിയമത്തിൽനിന്നു ഒഴിഞ്ഞു നിൽക്കുവാൻള്ള അവകാശമുണ്ടായിരിക്കേണ്ടതാണു്.

MR. N. VELU ACHARI : അങ്ങിനെ ഒരു വകുപ്പ് ഈഴവ റഗുലേഷനിൽ ഇല്ലെ?

MR. PADIYARA JOSEPH KUNJU : ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. KAINIKKARA PADMANABHA PILLAI : അങ്ങിനെ ആ റഫ്രലേനിൽ പറഞ്ഞിട്ടുണ്ടോ?

MR. PADIYARA JOSEPH KUNJU : ഞങ്ങൾ അങ്ങിനെയാണ് ധരിച്ചിട്ടുള്ളത്.

MR. N. RAMAKRISHNA PILLAI : ഞങ്ങൾ എന്നു പറഞ്ഞതു ആരെല്ലാമാണു്?

MR. PADIYARA JOSEPH KUNJU : മി. വേലു ആചാരിയുടെ ഭേദഗതിയെ അനുകൂലിച്ചവർ.

MR. K. R. NARAYANAN: ഈ ഭേദഗതി കൊണ്ടു വന്നിട്ടുള്ളതു മെമ്പറിന്റെ അഭിപ്രായത്തോടുകൂടിയാണോ?

MR. PADIYRA JOSEPH KUNJU : എന്റെ അഭിപ്രായത്തോടുകൂടിയല്ലെങ്കിലും ഇക്കാര്യത്തിൽ മി. വേലുആചാരിക്കുള്ളതു പോലെയുള്ള ബന്ധം എനിക്കും ഉണ്ടു്.

MR. KAINIKKARA PADMANABHA PILLAI : നിങ്ങൾ തമ്മിൽ നിയമപാണ്ഡിത്യമില്ലെന്നുള്ള ബന്ധം മാത്രമാണോ ഉള്ളതു?

MR. PADIYARA JUSEPH KUNJU : അല്ലാ, മനുഷ്യത്വംകൊണ്ടുള്ള ബന്ധവും കൂടാതെ തിരുവിതാംകൂർ കാരനാണെല്ലാ എന്നുള്ള ബന്ധവും കൂടിയുണ്ടു്.

MR. M. SIVATHANU PILLAI : നായർ റഫ്രലേഷനിലെ 'നായർ' എന്നും, ഈഴവ റഫ്രലേഷനിലെ 'ഈഴവ' എന്നും ഉള്ള പേരുകൾ എടുത്തുകളയണമെന്നു ആരെങ്കിലും പറഞ്ഞിട്ടുണ്ടോ?

MR. PADIYARA JOSEPH KUNJU : അതുകൊണ്ടു ബഹുമാനപ്പെട്ട നിയമാനുസ്മാരക മെംബർ ഇതിൽ എന്തെല്ലാം ഭേദഗതികളാണൊ വരുത്തേണ്ടതു് ആ ഭേദഗതികൾ വരുത്തി ആവശ്യമുള്ളവർക്കു ഈ ബില്ലിൽ നിന്നും ഒഴിഞ്ഞു നിൽക്കുവാനുള്ള അർഹതയുണ്ടായിരിക്കണമെന്നാണു് ഞാൻ പറയുന്നതു.

MR. KAIANIKKARA PADMANABHA PILLAI : ഇതിൽ ഏതെല്ലാം വകുപ്പുകളിൽനിന്നാണു് ഒഴിക്കേണ്ടതു്?

MR. PADIYARA JOSEPH KUNJU : ഞാൻ ഒരു നിയമപണ്ഡിതനല്ലെന്നു പറഞ്ഞുകഴിഞ്ഞു.

MR. KAINIKKARA PADMANABHA PILLAI : നിയമത്തിന്റെയല്ലാ.

MR. PADIYARA JOSEPH KUNJU : അവർ ആവശ്യപ്പെടുന്ന വകുപ്പുകളെല്ലാം.

LIBRARY ARCHIVES Kerala Legislative Assembly

MR. KAINIKKARA PADMANABHA PILLAI : അതു നിയമാനുസ്മാരക മെംബർക്കു് എങ്ങിനെ നിശ്ചയിക്കുവാൻ കഴിയും?

MR. PADIYARA JOSEPH KUNJU : ഞങ്ങൾ ഏതായാലും പരാജിതരായി. അതു് കൊണ്ടു് അതിനെപ്പറ്റി നിശ്ചയിക്കേണ്ടതു് വിജയികളാണു അവർക്കു ഇഷ്ടമുള്ള വകുപ്പുകൾ ഏതെല്ലാമാണൊ അതെല്ലാം ഭേദപ്പെടുത്തിയൊ, ഈ ഭേഗതി സ്വീകരിച്ചൊ ഞങ്ങളുടെ ആഗ്രഹത്തിനെ നിറവേറ്റണം. അതിലേക്കു നിങ്ങളുടെ ദയവുണ്ടാകണമെന്നാണു് ഞങ്ങൾ അപേക്ഷിക്കുന്നതു.

MR. P. S. MUHAMED : Sir, I seconded the amendment, but I did not make any speech.

MR. PUTHUPALLI S. KRISHNA PILLAI : Sir, he is not entitled to speak on the amendment now without the permission of the Chair.

MR. P. S. MUHAMED : I want the permission of the Chair to explain my position.

DEPUTY PRESIDENT : Permission is given.

MR. P. S. MUHAMED: ഈ ഭേഗതിയെ പിൻതാങ്ങുന്നതിനു് എന്നെ പ്രേരിപ്പിച്ചതു് ഒരു കാര്യം കൊണ്ടു മാത്രമാണു. മി. ആചാരിയുടെ സമുദായം ആഗ്രഹിക്കുന്ന രീതിയിൽ ഈ ബില്ലിൽനിന്നും ഒഴിയുന്നതിനുള്ള ന്യായാന്യായങ്ങൾ എന്തെല്ലാമാണെന്നു മനസ്സിലാക്കുന്നതിനും ന്യായമെന്നു തോന്നുന്ന പക്ഷം അദ്ദേഹത്തിന്റെ ആഗ്രഹത്തെ നിറവേറുന്നതിനുള്ള ഒരു സന്ദർഭം ഉണ്ടാക്കുന്നതിനും മാത്രമാണു്. അല്ലാതെ നായർ റഗുലേഷനിലൊ അല്ലെങ്കിൽ ഈഴവറഗുലേഷനിലൊ ഉള്ള തരത്തിലുള്ള ഒരു ഭേഗതിയാണു ഇതു്, എന്നുള്ള ധാരണയിന്മേലല്ലാ ഞാൻ ഈ ഭേഗതിയെ പിൻതാങ്ങിയതു്. ആ രീതിയിൽ ഞാൻ നിശ്ചയമായി പിൻതാങ്ങുകയുമില്ല. ഈ ഭേഗതിക്കു കുറെ ന്യൂനതയുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ലായെങ്കിലും മുൻപറഞ്ഞ നിലയിൽ ഞാൻ ഈ ഭേഗതിയെ പിൻതാങ്ങുകയും ചെയ്യുന്നു.

DEPUTY PRESIDENT: Mr. Legal Remembrancer, do you want to speak ?

MR. PUTHUPALLI S. KRISHNA PILLAI : Yes, Sir, ഈ പ്രമേയത്തെ കുലിച്ചുകൊണ്ടു് മി. വേലുആചാരി, മി. പി. എസ്. മഹമ്മദ്, മി. പടിയറ ജോസഫ് കുഞ്ഞു്, മി. ടി. സി. കേശവപിള്ള ഇങ്ങനെ നാലു പേരാണു് സംസാരിച്ചതു്. ഇതിൽ മി. ടി. സി. കേശവപിള്ളയും മി. പി. എസ് മഹമ്മദും പറഞ്ഞ കാര്യം മി. വേലുആചാരിയുടെ വാദഗതിയെ പരിശോധിക്കുവാനാണെന്നാണു്. ഈ ബില്ലിന്റെ പേരിൽ രണ്ടു വളഞ്ഞ വര കിടക്കുന്നതിനെ എടുത്തുകളയണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puthupalli S. Krishna Pillai]

മി. വേലുആചാരി വാദിച്ചു, അതു തോറാ. അതുകൊണ്ട് അതിനെ പ്രതിഷേധിക്കാനായി തിരുവിതാംകൂറിലുള്ള സകല വിശ്വകർമ്മരും ഒരുങ്ങുമെന്നും അതുകൊണ്ടു ഏതു കമ്മാളകുടുംബക്കാരനു വേണമെങ്കിലും ഈ ബില്ലിന്റെ വ്യാപ്തിയിൽനിന്നും മാറാൻ അവകാശമുണ്ടായിരിക്കണമെന്നും അദ്ദേഹം വാദിച്ചു. അതായതു് ഒരു പേരുമാറ്റം ഉണ്ടാകാത്തതിന്റെ ഫലമായി ഇവിടെ ഭൂരിപക്ഷം മെംബറന്മാരുടെ അഭിപ്രായത്തെ പ്രതിഷേധിക്കുവാനായി മി. വേലു ആചാരിയുടെ കക്ഷിയെ മുഴുവൻ ഈ ബില്ലിന്റെ വ്യാപ്തിയിൽ നിന്നും പുറത്തു നിറുത്തണമെന്നാണു് അദ്ദേഹം പറഞ്ഞതു്. ആ വാദവും ഈ സഭക്കു് സ്വീകാര്യമായില്ല.

MR. N. VELU ACHARY : ഏതഭിപ്രായം പറഞ്ഞാലാണു ഈ ബില്ലിന്റെ വ്യാപ്തിയിൽനിന്നും ഒഴിയാൻ കഴിയുന്നതെന്നു് ദയവുചെയ്തു പറയാമോ?

MR. PUTHUPALLI S. KRISHNA PILLAI : ഇതിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു അവതാരകനായ മി. വേലുആചാരിക്കു് ഈ ബില്ലിന്റെ വ്യാപ്തിയിൽ ഉൾപ്പെടുവാൻ സമ്മതമില്ലെന്നും അതുകൊണ്ടു അദ്ദേഹം ഇതിനെ പ്രതിഷേധിക്കുന്നു എന്നുമാണു്.

MR. PADIYARA JOSEPH KUNJU :അങ്ങനെയല്ല മി. വേലുആചാരി അർത്ഥമാക്കിയതെന്നു മനസ്സിലാക്കിയിട്ടുണ്ടോ?

MR. PUTHUPALLI S. KRISHNA PILLAI : ഇതിൽ കൂടുതൽ വളരെ അകലെയല്ലാത്ത വശങ്ങളുണ്ടെങ്കിൽ പറഞ്ഞുതന്നാൽ മനസ്സിലാക്കാം. എന്നല്ലാതെ മനസ്സിലായില്ല.

കമ്മാളബിൽ ഈ സഭയിൽ അവതരിപ്പിച്ചിട്ടു് കാലം എത്രയായി? ഈ അസംബ്ളിയുടെ എത്ര എത്ര സമ്മേളനങ്ങളിലാണു് ഇതു് വാദപ്രതിവാദത്തിനു വന്നതു? എത്ര എത്ര മെംബറന്മാർ കൈയിൽനിന്നും പണവും ചിലവാക്കി കാത്തിരുന്നു് ഇതിന്റെ വാദപ്രതിവാദത്തിൽ പങ്കുകൊണ്ടു് തീരുമാനത്തിനവേണ്ടി ശ്രമിച്ചു? ഗവണ്മെന്റിനുതന്നെയും എത്ര പണച്ചിലവുണ്ടായിട്ടുണ്ടു്? ഇതെല്ലാം കഴിഞ്ഞു് ർ ർ വകുപ്പു് വായിച്ചു പാസാക്കി. അപ്പോഴാണു മി. വേലുആചാരി ഏതാനുംപേരെ ഒഴിവാക്കിനിറുത്തണമെന്നുള്ള ഈ ഭേദഗതി കൊണ്ടു വന്നിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. N. VELU ACHARY : എല്ലാ സാമുദായികനിയമത്തിലും ഇത്തരത്തിലുള്ള ഒരു വ്യവസ്ഥയില്ലേ?

MR. PUTHUPALLI S. KRISHNA PILLAI: അതിനെപ്പറ്റിയാണ് ഞാൻ പറയാൻ തുടങ്ങുന്നത്. ചിലക്ക് ചില നിയമങ്ങളുടെ പരിധിക്കുള്ളിൽ വരണമെങ്കിൽ ഇങ്ങുവന്ന് അപേക്ഷിച്ചുകൊള്ളാൻ എന്നു പറഞ്ഞിട്ടുണ്ട്. സിവിൽമാരിയേജ് ബില്ല് അതിനൊരു ഉദാഹരണമാണ്.

MR. PADIYARA JOSEPH KUNJU : ഇഴവബില്ലിൽ അങ്ങനെ ഒരു വകുപ്പില്ലേ?

MR. PUTHUPALLI S. KRISHNA PILLAI : അതിലില്ല. അതിൽ ഭാഗത്തിനു ഒരു വകുപ്പുണ്ട്. ഭാഗത്തിനു കൊടുത്തിരിക്കുന്ന സ്വാതന്ത്ര്യം അടങ്ങിയ വകുപ്പിൽനിന്നും ഒഴിവാക്കണമെന്ന് ആഗ്രഹമുള്ള ഭൂരിപക്ഷം മെംബറന്മാർ അപേക്ഷിച്ചാൽ അവരെ അതിൽനിന്നു ഒഴിവാക്കണമെന്നു പറഞ്ഞിട്ടുണ്ട്.

MR. P. SIVARAMA PILLAI : ബില്ലിന്റെ മറ്റു വകുപ്പുകളിൽനിന്ന് അവർ ഒഴിയുമോ?

MR. PUTHUPPALLI S. KRISHNA PILLAI : ഒരിക്കലുമില്ല.

MR. N. VELU ACHARI : മറ്റു വകുപ്പുകളിൽനിന്നു അതിൽ പറഞ്ഞിട്ടില്ലെങ്കിലും അങ്ങനെ ആഗ്രഹമുള്ളവർക്ക് ഒഴിവാകാം എന്നൊരർത്ഥം അതിലില്ലയോ?

MR. PUTHUPALLI S. KRISHNA PILLAI : അങ്ങനെ ഒരർത്ഥം അതിനില്ല. ഇങ്ങനെ ഈ ബില്ലിൽനിന്നും ഒഴിവാകണമെന്നാണ് സമുദായത്തിന്റെ ആഗ്രഹമെങ്കിൽ ഈ ബില്ല് ഈ രൂപത്തിൽ പാസാക്കുകയില്ലായിരുന്നു നമ്മുടെ ചുമതല. തലക്കെട്ട് അഴിച്ച് ഒരൊറ്റ ഭേദഗതി പോലും അവതരിപ്പിക്കുവാനോ, അതിനെപ്പറ്റി വാദപ്രതിവാദം ചെയ്യാനോ ആ ഭേദഗതിയുടെ ഇവിടത്തെ തീരുമാനത്തിനുശേഷം മി. വേലു ആചാരിക്ക് താൽപ്പര്യമുണ്ടായില്ലെന്നു അദ്ദേഹത്തിന്റെ പിന്നീടുള്ള നടപടികൊണ്ട് നമുക്കു മനസ്സിലാക്കാം.

MR. PADIYARA JOSEPH KUNJU : പിന്നീട് ഭേദഗതികൾ ഒന്നും അവതരിപ്പിക്കാതിരുന്നത് ആദ്യത്തെ തോൽവികൊണ്ടാണെന്നറിയാമോ?

MR. PUTHUPALLI S. KRISHNA PILLAI : ആയിരിക്കാം. ആ വൈരാഗ്യംകണ്ടതുകൊണ്ടുതന്നെയാണ് എനിക്കു ഈ ഭേദഗതിയിലും സംശയമുണ്ടായതു. അങ്ങിനെ വാശിപിടിച്ച് ഒരു കട്ടി കരഞ്ഞാൽ അതു പ്രായംചെന്ന ആളുകൾക്ക് വകവച്ചുകൊടുക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. VELU ACHARI : ബില്ലിന്റെ പേരുമാറ്റി കിട്ടണമെന്നുകാണിച്ച് നാല്പതിനായിരം പേർ ഒപ്പിട്ട ഒരു മെമ്മോറിയൽ അയച്ചിട്ടില്ലേ?

MR. PUTHUPALLI S. KRISHNA PILLAI : ഉണ്ടായിരിക്കാം. പക്ഷേ വേറെ അനേകം ആളുകളുടെ അപേക്ഷയനുസരിച്ചാണ് ഈ ബില്ല് ഈ രൂപത്തിൽ പാസായത്. അതിനുശേഷം അപേക്ഷിക്കുന്നവരെ ഒഴിവാക്കിക്കൊടുക്കണമെന്നുള്ള വകുപ്പുകൂടി ചേർക്കണമെന്നാവശ്യപ്പെട്ടതുതന്നെ ഈ സഭയോടുള്ള അനാദരവുകൊണ്ടു ആണെന്നാണ് എന്റെ വിശ്വാസം. ഇത്രവളരെ ബുദ്ധിമുട്ടി ഇത്രയുംകാലം വാദപ്രതിവാദങ്ങൾ നടത്തി. എത്രയെത്ര ദിവസങ്ങൾ കഴിഞ്ഞു എത്ര പെറീഷൻസ് വാങ്ങിച്ചു? എത്ര എഴുത്തുകുത്തുകൾ നടത്തി? സെലക്ട് കമ്മറ്റി എത്രപ്രാവശ്യംകൂടി? ഇതെല്ലാം കഴിഞ്ഞു് മി. വേലുആചാരിയുടെ പ്രേരണനിമിത്തമോ മറ്റോ കുറെപ്പേരെ ഇതിൽനിന്നും ഒഴിവാക്കുകൂടി ചെയ്താൽ പിന്നെ ഈ ബില്ലുകൊണ്ടു എന്തെന്താണു പ്രയോജനം? അങ്ങേഥം വിചാരിച്ചാൽ ഒരുപക്ഷേ പത്തിരുപതിനായിരംപേരെ ഒഴിവാക്കി നിറുത്താൻ കഴിഞ്ഞു എന്നുവരാം.

MR. PADIYARA JOSEPH KUNJU : ഇതിൽനിന്നും ഒഴിവാകണമെന്നു നിർബന്ധമുള്ളവരെ ഇതിൽ ബന്ധിപ്പിക്കണമെന്നാണോ മെംബറിന്റെ അഭിപ്രായം?

MR. PUTHUPALLI S. KRISHNA PILLAI : ചില ആക്ടിന്റെ വ്യാപ്തിയിൽനിന്നും ഒഴിഞ്ഞുനിന്നാൽ കൊള്ളാമെന്നു മാത്രം ചിലരും ആഗ്രഹിക്കുന്നുണ്ടു. പീനൽകോഡിലെ ഏതാനും വകുപ്പുകളിൽനിന്നു് ഒഴിഞ്ഞുനിന്നാൽകൊള്ളാമെന്നു് ആഗ്രഹിക്കുന്നവരായി എത്ര എത്ര പേർ ഇവിടെയുണ്ടു്. അതുപോലെ ഭൂരിപക്ഷാഭിപ്രായം അനുസരിച്ചു് കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലു് എല്ലാപേർക്കും ഒരുപോലെ ബാധകമായി വരേണ്ടതാണു്.

MR. PADIYARA JOSEPH KUNJU : ഭൂരിപക്ഷം ആളുകളേയും ബില്ലിൽനിന്നും ഒഴിവാക്കണമെന്നുള്ള തത്വം ഏതെങ്കിലും ബില്ലുകളിൽ അംഗീകരിച്ചിട്ടുള്ളതായി നിയമനിർമ്മാരകമെംബർ കണ്ടിട്ടുണ്ടോ?

MR. PUTHUPALLI S. KRISHNA PILLAI : ഞാൻ കണ്ടിട്ടില്ല.

MR. PADIYARA JOSEPH KUNJU : ഈഴവബില്ലിൽ പറഞ്ഞിരിക്കുന്നതു് എന്താണു്?

MR. PUTHUPPALLI S. KRISHNA PILLAI : അതിൽ ഓരോ സംഗതിയെപ്പറ്റി ഓരോ വകുപ്പു പറയുന്നുണ്ടു. വിവാഹത്തെപ്പറ്റി പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

രിക്കും, വിവാഹം ഒന്നേ പാടുള്ളൂ, വിവാഹം ഉറച്ചിരിക്കണം, വിവാഹം കഴിഞ്ഞ സ്ത്രീ മറെറാരുവനോടുകൂടി സംസർഗ്ഗംചെയ്താൽ വ്യഭിചാരക്കുറമാണ്; ഇങ്ങനെയെല്ലാം പറഞ്ഞിട്ടുണ്ട്.

MR. N. VELU ACHARI : ഹിന്ദുമാരിയേജ് ബിൽ അസംബ്ലിയിൽ പാസായതു് ഇങ്ങനെ ഒരു നിയമത്തോടുകൂടിയല്ലേ ?

MR. PUTHUPALLY S. KRISHNA PILLAI : അതുകൊണ്ടാണ് അതു് ഇന്നും പാസാകാതെ കിടക്കുന്നതു്.

MR. CODIVEETIL C. RAMANKUNJU : ഈ ബിൽ നടപ്പിലാകുന്നതിനു മുൻപു കമ്മാളവിശ്വബ്രാഹ്മണ എന്ന പേർ സ്വീകരിച്ചവരെ ഈ ബില്ലിൽനിന്നും ഒഴിവാക്കുകയില്ലേ ?

MR. PUTHUPALLY S. KRISHNA PILLAI : പേരു മാറുന്നതുകൊണ്ടു ഒരു വിശേഷവുമില്ല. ബില്ലു് പിടിക്കുന്നതു പേരിനെയല്ല ആളിനെയാണ്.

MR. N. VELU ACHARI : ഈ ബിൽ ഈ നിലയിൽ പാസാക്കുന്നതുകൊണ്ടു് കോടതികളിൽ വ്യവഹാരങ്ങൾ കൂടുകയില്ലേ ?

MR. PUTHUPALLY S. KRISHNA PILLAI : അധികമായി ഒന്നും ഉണ്ടാകയില്ല. ചിലപ്പോൾ ഉണ്ടായി എന്നും വരാം. മി. പടിയറജോസഫ് കുഞ്ഞു് പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു ... ...

MR. PADIYARA JOSEPH KUNJU : ഞാൻ പറഞ്ഞിട്ടുള്ളതിൽക്കൂടുതൽ ഒന്നും മനസ്സിലാക്കേണ്ട.

MR. PUTHUPALLY S. KRISHNA PILLAI : ഞാൻ മുൻപു പറഞ്ഞതുപോലെ വിവാഹത്തെയൊ അല്ലെങ്കിൽ ദായക്രമത്തേയൊ മറുസംഗതികളേയൊ സംബന്ധിച്ചു അഭിപ്രായവ്യത്യാസമുള്ളവരുണ്ടെങ്കിൽ അവരെ അതു വകുപ്പുകളിൽനിന്നു മാത്രമെങ്കിലും ഒഴിവാക്കപ്പെടണമെന്നാണ് പറയുന്നതെങ്കിൽ അതു മനസ്സിലാക്കാൻ കഴിയും.

MR. PADIYARA JOSEPH KUNJU : നായർ റഗുലേഷനിലും ഈഴവറഗുലേഷനിലും ആരുടെ അഭിപ്രായമനുസരിച്ചാണ് ഇങ്ങനെ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്?

MR. PUTHUPALLY S. KRISHNA PILLAI : ഭാഗത്തെപ്പറ്റി വളരെക്കാലം നടത്തിയിരിക്കുന്ന ഒരു അവിഭക്ത കുടുംബത്തിന്റെ പാരമ്പര്യത്തെ ഉടനടി നീക്കം ചെയ്യുവാൻ ഇഷ്ടമില്ലാത്ത കുടുംബങ്ങളെ കുറെനാളത്തേക്കു ഒഴിവാക്കിക്കൊടുത്തു. പണ്ടു് ഒന്നിലധികം ഭാര്യമാരെ ഒരു പുരുഷനു സ്വീകരിക്കാമായിരുന്നു. അതു നിറുത്തി. മക്കൾക്കു അവകാശമി

LIBRARY ARCHIVES Kerala Legislative Assembly

[Mr Puthupally S. Krishna Pillai.]

ല്ലായിരുന്നു. അതു കൊടുത്തു. ഇങ്ങനെയുള്ള വലിയ പരിവർത്തനങ്ങൾ ബില്ലിൽ വരുത്തിയിട്ടും ബില്ലിൽനിന്നു പാടെ ഒഴിവാക്കണമെന്നു ആരും ആവശ്യപ്പെട്ടിട്ടില്ല. ഒരീഴവനും അതു ആവശ്യപ്പെട്ടിട്ടില്ല. ഒരു വെള്ളാളനും അതു ആവശ്യപ്പെട്ടില്ല. എന്നാൽ ഭാഗത്തിൽനിന്നും ഇഷ്ടമുള്ളവരെ ഒഴിവാക്കണമെന്നു വ്യവസ്ഥചെയ്തിരുന്നു.

MR. PADIYARA JOSEPH KUNJU: നിയമപണ്ഡിതനായ നിയമനുസ്മാരകൻ ഇതിൽ ആരേയും യാതൊന്നിൽനിന്നും ഒഴിവാക്കരുതെന്നു നിർബന്ധം പിടിക്കുന്നതു എന്തുകൊണ്ടാണെന്നു പറയാമോ?

MR. K. R. NARAYANAN: ബില്ലിന്റെ സാരാംശത്തിൽ എന്തെങ്കിലും ഭേദഗതി ചെയ്യണമെന്നുള്ള നിർദ്ദേശം ഇവിടെ ആരെങ്കിലും കൊണ്ടുവരികയുണ്ടായോ?

MR. PUTHUPALLY S. KRISHNA PILLAI: ഫാംവകുപ്പൊഴിച്ചാൽ പിന്നെ ഒരു ഉപദ്രവവുമില്ല. എന്നിരുന്നാലും ഇഷ്ടമുള്ളവരെ ഒഴിവാക്കണമെന്നുള്ള വ്യവസ്ഥകൂടി ഇതിൽ ഉണ്ടായിരിക്കണമെന്നാണ്. മി. വേലുആചാരി പറയുന്നതു്.

MR. N. VELU ACHARY: ഭേദഗതി അവതരിപ്പിച്ചുകൊണ്ടു ഞാൻ പറഞ്ഞതു് ബഹുമാനപ്പെട്ട മെംബർ മറന്നുപോയെന്നതോന്നുന്നു. സ്ത്രീധനത്തെപ്പറ്റിത്തന്നെ ചില വലിയ തർക്കങ്ങളും കേസുകളും ഉണ്ടാവാം. അങ്ങനെയുള്ള ദോഷങ്ങളിൽനിന്നു് വിമുക്തരാകണമെന്നാഗ്രഹിക്കുന്നവർക്കും ഇതിൽനിന്നു് ഒഴിഞ്ഞുനിൽക്കുവാനുള്ള ഒരു വകുപ്പുകൂടി ഉണ്ടായിരിക്കണമെന്നാണ് എന്റെ അപേക്ഷ.

MR. PUTHUPALLY S. KRISHNA PILLAI: ഈ ബില്ലുകൊണ്ടു് അങ്ങനെയുള്ള യാതൊരു ദോഷവും ഉണ്ടാകാനിടയില്ല. ര ാംവകുപ്പിൽ പറയുന്നതു്.....

Nothing in this Act shall-

(a) Affect rights which have accrued according to law or custom before the date on which this Act comes into force.

എന്നാണ്. ഇതിനുമുമ്പു് നിലവിലുണ്ടായിരുന്ന ഏർപ്പാടുകൾ എല്ലാം അതേ നിലയിൽ തുടർന്നുകൊണ്ടുപോകും. മേലാൽ ഉള്ള സ്ത്രീധനത്തിന്റെ കാര്യത്തെപ്പറ്റി മാത്രമാണു ബില്ലു പറയുന്നതു്.

MR. N. VELU ACHARI: കല്യാണം കഴിച്ച സമയത്തു സ്ത്രീധനം കൊടുത്തിട്ടില്ല. ഹിന്ദുലാപ്രകാരം അയാളോടു് സ്ത്രീധനം ആവശ്യപ്പെടുകയും ആ സന്ദർഭത്തിൽ താൻ ഈ ബില്ലിന്റെ വ്യാപ്തിയിൽപ്പെട്ട ആളാണു് എന്നു പറഞ്ഞു് സ്ത്രീധനം കൊടുക്കാതിരിക്കുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. PUTHUPALLY S. KRISHNA PILLAI : അങ്ങനെയുള്ള ഒരു കുഴപ്പവും ഉണ്ടാകുകയില്ല. ബില്ലിൽ പറയുന്നത് ഇങ്ങനെയാണ്.

'Nothing in this Act shall affect rights which have accrued according to law or custom before the date on which this Act comes into force.'

അതായത് നിയമം നടപ്പിൽവരുന്നതിനുമുമ്പ് നിയമപ്രകാരമോ മാമൂലനുസരിച്ചോ സിദ്ധിച്ചിട്ടുള്ള യാതൊരവകാശങ്ങൾക്കും ന്യൂനതവരുന്നതല്ല.

MR. N. VELU ACHARI : 'സിദ്ധിച്ചിട്ടുള്ള' എന്നല്ലേ പറയുന്നത്. ഭാവിയിൽ സിദ്ധിക്കേണ്ട അവകാശത്തിനോ ?

MR. PUTHUPALLY S. KRISHNA PILLAI : അതിനു നിവൃത്തിയില്ല. ഭാവിയിലുള്ള കാര്യത്തെപ്പറ്റി യാതൊരു തർക്കവും ആക്ഷേപം ഉണ്ടാകാൻ പാടില്ല. ഈ നിയമം അനുസരിക്കുവാൻ ഇഷ്ടമില്ലാത്തവർപോലും നിയമത്തിനനുസരണമായി ചെയ്തേ ഒക്കുകയുള്ളൂ. സ്ത്രീധനത്തെപ്പറ്റി യാണെങ്കിൽ ഒരപേക്ഷകൊടുത്തു് ബില്ലുതുകനിന്ന് ഒഴിഞ്ഞു പണവും വാങ്ങിച്ചു് തിരിയെ ഈ നിയമത്തിനകത്തുതന്നെ വരണമെന്നു പറയുന്നതും ശരിയല്ല. ഇതിനുമുമ്പുള്ള യാതൊരവകാശങ്ങൾക്കും യാതൊരു ന്യൂനതയും ഇല്ലെന്നു എടുത്തുപറഞ്ഞിരിക്കുന്നു. അതുപോലെതന്നെ ഇതിൽ പ്രത്യേകമായി പറഞ്ഞിരിക്കുന്നതു ഒഴികെയുള്ള യാതൊരു ആചാരത്തേയും രീതിയേയും ഈ നിയമം ബാധിക്കുകയില്ലെന്നും പറയുന്നു. മേലാലുള്ളതിനെപ്പറ്റി മാത്രമേ ബില്ലിൽ പറയുന്നുള്ളൂ. ഇത്രയും ബുദ്ധിമുട്ടിക്കഴിഞ്ഞതിനുശേഷം ഈ ഭേദഗതി കൊണ്ടുവരുന്നതു ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

DEPUTY PRESIDENT : The amendment was put to vote and declared lost.

MR. PADIYARA JOSEPH KUNJU : I demand a poll.

A poll was accordingly taken with the following results :

AYES—5.

1. Mr. Padiyara Joseph Kunju	4. Mr. Thamarappallil Kochuthommen
2. ,, K. Narayanaperumal Nadar	5. ,, N. Velu Achari
3. ,, D. C. Joseph	

LIBRARY ARCHIVES Kerala Legislative Assembly

NOES—22.

1. Mr. Kottalil P. Abraham	11. Mr. P. Sivarama Pillai
2. Sahib Bahadur V. Chandamiah	12. ,, G. Nilakantan
3. Mr. D. Francis	13. ,, K. Madhava Kurup
4. ,, Menatheri N. Kesava Panickar	14. Rajyasevapravina M. K. Nilakanta Aiyar
5. ,, T. T. Kesavan Sastri	15. Mr. S. Sundararajan
6. ,, Kaviyoor K. K. Kochukunju	16. ,, E. G. Salter
7. ,, Janardhanan Asari	17. ,, M. Ramachandra Rao
8. ,, Kainikkara M. Padmanabha Pillai	18. ,, Puthupally S. Krishna Pillai
9. ,, N. Ramakrishna Pillai	19. ,, A. Gopala Menon
10. ,, Kodiveetil C. Ramankunju	20. ,, P. J. Thomas
	21. ,, K. R. Narayana Aiyar
	22. ,, K. Sankaran

NEUTRALS—7.

1. Mr. Kannanthodath Janardanan Nair	5. Mr. P. V. Mathai Chemparathy
2. ,, A. K. Kumaran Vaidyan	6. ,, P. Narayana Pillai
3. ,, P. Kunjukrishnan	7. ,, K. R. Narayanan
4. ,, Murukkumpuzha V. Kunjukrishnan	

The amendment was declared lost, five voting for, 22 voting against and 7 remaining neutral.

The question that Clause 40 do stand part of the Bill was put and carried.

Clause 40 was added to the Bill.

Preamble and Title.

The question that the Preamble and the Title do stand part of the Bill was put and carried.

The Preamble and the Title were added to the Bill.

MR. N. RAMAKRISHNA PILLAI: I beg to move that in sub-clause (1) of Clause 1, the figures '1116' be substituted for the figures '1111'.

MR. G. NILAKANTAN: I second it.

The amendment was put to vote and carried.

MR. N. RAMAKRISHNA PILLAI: I beg to move that the Bill be passed.

MR. G. NILAKANTAN: I second it.

The question was put and carried and the Bill was passed.

MR. G. NILAKANTAN: Sir, on behalf on the Kammala community I take this opportunity to thank the honourable House for passing this Bill. It is now more than five years since the Bill was first brought before the House. I thank the Legal Remembrancer and Mr. Ramakrishna Pillai who sponsored the Bill on behalf of the Kammala community and all those who have been responsible for the passing of this measure.

LIBRARY ARCHIVES Kerala Legislative Assembly